# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെമ്മരുതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വിഎം./ജിപി8/1553/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മരുതി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വിഎം./ജിപി8/1553/2023 തീയ്യതി: 20/12/2023

## തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ബിന്ദു .ഒ, ഓഡിറ്റ് ഓഫീസർ

ശ്രീ. പ്രവീൺ .എൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖ .എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രശ്മി .ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രിയങ്ക .വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സി. അജിത്ത് കുമാർ | സെക്രട്ടറി | 01-04-2022 | 04-04-2022 |

| | | | |
|---|---|---|---|
| ശ്രീ. കിരൺചന്ദ് .എസ്.ഡി | സെക്രട്ടറി | 05-04-2022 | 07-05-2022 |
| ശ്രീ. അജിത് കുമാർ | സെക്രട്ടറി | 08-05-2022 | 31-05-2022 |
| ശ്രീ. കിരൺചന്ദ് .എസ്.ഡി | സെക്രട്ടറി | 01-06-2022 | 09-10-2022 |
| ശ്രീ. അനിൽകുമാർ .ഡി | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രവീൺ .എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2022 | 21-12-2022 |
| ശ്രീ. സന്ദീപ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 22-12-2022 | 31-03-2023 |
| ശ്രീ. ബിജു .ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2022 | 25-09-2022 |
| ശ്രീ. ഷാജി .ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 26-09-2022 | 31-03-2023 |
| ഡോ. അൻവർ അബ്ബാസ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 01-04-2022 | 27-04-2022 |
| ഡോ. സൗമ്യ .യു.എസ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 28-04-2022 | 21-05-2022 |
| ഡോ. മനോജ് കുമാർ .പി.ആർ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 22-05-2022 | 10-11-2022 |
| ഡോ. സൗമ്യ .യു.എസ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 11-11-2022 | 31-03-2023 |
| ഡോ. ഷൈലി .എസ്. രാജു | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. മുരളീകൃഷ്ണൻ .കെ.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി വിജയകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 26-12-2022 |
| ശ്രീമതി ഷീല .വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-01-2023 | 31-03-2023 |
| ശ്രീമതി സുലീന .എ | എച്ച്.എം.- ഗവ. എൽ.പി.എസ്. പനയറ | 01-04-2022 | 30-06-2022 |
| ശ്രീമതി അനിത.കെ. | എച്ച്.എം.- ഗവ. എൽ.പി.എസ്. പനയറ | 01-07-2022 | 07-07-2022 |
| ശ്രീമതി ബീന | എച്ച്.എം.- ഗവ. എൽ.പി.എസ്. പനയറ | 08-07-2022 | 31-03-2023 |
| ശ്രീ. കിരൺചന്ദ് .എസ്.ഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. വിനോദ് .ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി കൃഷ്ണകുമാരി .എ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രീതി .ആർ | കൃഷി ഓഫീസർ | 01-04-2022 | 31-08-2022 |
| ശ്രീമതി സോണിയ | കൃഷി ഓഫീസർ | 01-09-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. വിനുരാജ് ഡി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 03-09-2022 |
| ശ്രീമതി നിത്യാകുറുപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്) | 04-09-2022 | 05-09-2022 |
| ശ്രീമതി ഷൈന ഹാഷിം | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ഡോ.ഹിഷാം.എം | വെറ്റിനറി സർജൻ | 01-04-2022 | 27-09-2022 |
| ഡോ.ശാന്തിജയലക്ഷ്മി | വെറ്റിനറി സർജൻ | 28-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന ചെലവുകൾ–ആസ്തിഹെഡിൽ മാറ്റിയിട്ടില്ല | 1-1-2 |
| 4 | സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. | 1-1-3 |
| 5 | ഡെപ്പോസിറ്റ് പ്രവൃത്തികൾ–അപാകതകൾ | 1-1-4 |
| 6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരവും അവ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-1-5 |
| 7 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്-അപാകതകൾ | 1-1-6 |
| 8 | അക്രൂവൽ വരുമാനം-ഡിമാന്റ് എൻടി രേഖപ്പെടുത്തി കാണുന്നില്ല | 1-1-7 |
| 9 | സ്റ്റെയിൽചെക്ക് -തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-1-8 |
| 10 | രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4 |
| 14 | ഗ്രാന്റ് വിനിയോഗം - അപാകതകൾ | 1-4-1 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്ഷേമ പദ്ധതികൾ | 1-6 |
| 17 | സാമൂഹ്യ സുരക്ഷാ പെൻഷൻ – അനർഹരെ ഒഴിവാക്കുന്നത് - തുടർ നടപടി വിവരം ലഭ്യമല്ല | 1-6-1 |
| 18 | ക്യാഷ് ബാലൻസ് | 1-7 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 21 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 22 | വസ്തു നികുതി ശേഖരണം - അപാകങ്ങൾ | 1-11 |
| 23 | വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-11-1 |
| 24 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല | 1-11-2 |
| 25 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചു | 1-11-3 |
| 26 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്. | 1-11-4 |
| 27 | അനധികൃത നിർമ്മാണം - തുടർനടപടി അനിവാര്യം | 1-11-5 |
| 28 | അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കേണ്ടതാണ് | 1-11-6 |
| 29 | ഫീൽഡ് സന്ദർശനങ്ങൾ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-11-7 |
| 30 | വസ്തു നികുതി - ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതാണ്. | 1-12 |
| 31 | ഓൺലൈൻ പേമെന്റ് -തുക ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-13 |
| 32 | കടമുറികൾ ഉപയോഗക്ഷമമാക്കി വാടകയ്ക്ക് നൽകേണ്ടതാണ്. | 1-14 |
| 33 | ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ്. | 1-15 |
| 34 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 229530/- രൂപ നഷ്ടമായി | 1-16 |

| | | |
|---|---|---|
| 35 | തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല – നടപടി അനിവാര്യം | 1-17 |
| 36 | തൊഴിൽ നികുതി - അപാകങ്ങൾ | 1-18 |
| 37 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-18-1 |
| 38 | സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 1-18-2 |
| 39 | തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. | 1-18-3 |
| 40 | ലൈസൻസ് - അപാകങ്ങൾ | 1-19 |
| 41 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല | 1-19-1 |
| 42 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-19-2 |
| 43 | അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. | 1-19-3 |
| 44 | ജിംനേഷ്യങ്ങൾക്ക് ലൈസൻസ് ഉറപ്പാക്കേണ്ടതാണ്. | 1-19-4 |
| 45 | യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മോട്ടോർ ഫീസ് ഈടാക്കുന്നതിലെ അപാകം | 1-20 |
| 46 | "Sale Of Scrap" ഇനത്തിൽ ലഭിച്ച വരവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 47 | മാർക്കറ്റ് ലേലം – തുക പൂർണ്ണമായും അടവാക്കിയിട്ടില്ല. | 1-22 |
| 48 | നികുതി / നികുതിയേതര വരവുകൾ - അവലോകനം | 1-23 |
| 49 | പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പ് - പ്രവർത്തനം അപര്യാപ്തം | 1-24 |
| 50 | പട്ടികജാതി വിദ്യാർഥികൾക്ക് മേശയും കസേരയും പദ്ധതി -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല. | 1-25 |
| 51 | ലൈഫ് ഭവന പദ്ധതി എസ്.സി.പി രണ്ടാം ഘട്ടം ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം | 1-26 |
| 52 | ലൈഫ് ഭവന (എസ്.സി.പി )പദ്ധതി ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം | 1-26-1 |
| 53 | കിണർ റീചാർജിങ് പദ്ധതി മൂല്യനിർണ്ണയം കൂടാതെ തുക നൽകി | 1-27 |
| 54 | കിണർ റീചാർജിങ് പദ്ധതി മൂന്നാം ഘട്ടം ഗുണഭോക്താക്കളുടെ എണ്ണത്തിൽ വ്യക്തതയില്ല | 1-28 |
| 55 | പോങ്ങിൽ കോളനി റോഡ് മെയിൻറനൻസ് ഫൈൻ ഈടാക്കിയതിൽ കുറവ് | 1-29 |
| 56 | ടേക്ക് എ ബ്രേക്ക് പൊതു ടോയ്‌ലറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം | 1-30 |
| 57 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി പൂർത്തിയായില്ല | 1-31 |
| 58 | വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു. | 1-32 |
| 59 | കേരളോത്സവം, ഗെയിംസ് ഫെസ്റ്റിവൽ – ചെലവ് രേഖകൾ ലഭ്യമല്ല - ആകെ 274305/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 60 | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കലും ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കലും- എസ്റ്റിമേറ്റ്, അടവ് തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-34 |
| 61 | വാതിൽപടി സേവനം - പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടില്ല | 1-35 |
| 62 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ- തുക പൂർണ്ണമായും അടവാക്കിയില്ല | 1-36 |
| 63 | കറവപശു വളർത്തൽ - തുക അധികമായി അനുവദിച്ചു - 4500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-37 |
| 64 | ആട് വളർത്തൽ -പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു. | 1-38 |
| 65 | ആട് വളർത്തൽ (ജനറൽ) (SO) – പദ്ധതി നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു | 1-39 |
| 66 | പാളയംകുന്ന് ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് ഇൻവെർട്ടർ വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല. | 1-40 |
| 67 | "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ '' - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-41 |
| 68 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല | 1-42 |
| 69 | "ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ " - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-43 |

| | | |
|---|---|---|
| 70 | "ആശ്വാസ് - ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായം - വിഹിതം നൽകൽ" മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവഹിച്ചു - ചെലവ് തുകയായ 504000/- രൂപ തടസ്സം ചെയ്യുന്നു. | 1-44 |
| 71 | "എലിപ്പനി നിയന്ത്രണം " - ചെലവ് രേഖകളുടെ അഭാവത്തിൽ 53976/- രൂപ തടസ്സം ചെയ്യുന്നു. | 1-45 |
| 72 | കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലാബ് റീ- ഏജന്റുകൾ വാങ്ങി | 1-46 |
| 73 | പാഥേയം പദ്ധതി - അധികമായി കൈമാറിയ തുക (296160/-) തടസ്സപ്പെടുത്തുന്നു. | 1-47 |
| 74 | ലാപ്ടോപ് വാങ്ങൽ പദ്ധതി -അപാകതകൾ - 26020 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-48 |
| 75 | പെണ്ണടയാളങ്ങൾ -പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. | 1-49 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.07.2023 തീയതിയിലെ 2(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെമ്മരുതി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെമ്മരുതി ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

വാർഷിക അനുപാതങ്ങൾ llgms സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തതെന്ന് എൻക്വയറിക്ക് (നം 22/ 12.10.2023) മറുപടി നല്കി. അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-2 മൂലധന ചെലവുകൾ-ആസ്തിഹെഡിൽ മാറ്റിയിട്ടില്ല

ക്യാപിറ്റൽ എക്സ്പെൻഡിച്ചറിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യേണ്ട ഇനങ്ങൾ റവന്യൂ എക്സ്പെൻഡിച്ചറിൽ ഉൾപ്പെടുത്തി ചെലവ് ചെയ്തിരിക്കുന്നു. കൂടാതെ അസറ്റ് ഹെഡിലേയ്ക്ക് മാറ്റിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/പേര് | ഫണ്ട് | തുക |
|---|---|---|
| 47/23 ടേക്ക് എ ബ്രേക്ക്-പൊതു ടോയ് ലെറ്റ് നിർമ്മാണം | CFC Tied<br>Suchithwa Mission Fund | 99798/-<br>188308/- |
| 21/23 കല്ലിടാന്തി റോഡ് കോൺക്രീറ്റ് | CFC BASIC | 313318/- |

| | | |
|---|---|---|
| 25/23 മാടൻവിള ചാരുംമൂട് റോഡ് കോൺക്രീറ്റ് | CFC BASIC | 229427/- |
| 24/23 ചരുവിള കോളനി റോഡ് കോൺക്രീറ്റ് – രണ്ടാംഘട്ടം | CFC BASIC | 168884/- |
| 57/23 മാർക്കറ്റിൽ തുമ്പൂർമൂഴി സ്ഥാപിക്കൽ | CFC TIED | 108718/- |

ജേണൽ ചെയ്ത് അതത് ഹെഡിൽ ഉൾപ്പെടുത്തുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 22/ 12.10.2023) മറുപടി നല്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-3 സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ‘0’ രേഖപ്പെടുത്തിയിരിക്കുന്നു. സ്റ്റോക്ക് മൂല്യനിർണയം നടത്തുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 22/ 12.10.2023) മറുപടി നല്കി.

## 1-1-4 ഡെപ്പോസിറ്റ് പ്രവൃത്തികൾ-അപാകതകൾ

Kerala Water Authority യിൽ മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ 820453/-രൂപ 1.4.22 ൽ അവശേഷിച്ചിരുന്നു. തൻവർഷം (2022-23) തുകയൊന്നും ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. 2022-23 വർഷം ഡെപ്പോസിറ്റ് ചെയ്ത 2500000/- രൂപയിൽ 22-23 സാമ്പത്തിക വർഷം 1695947/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയും ബാലൻസ് തുക 804053/- രൂപ പഞ്ചായത്തിൽ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. മുൻവർഷം ഡെപ്പോസിറ്റ് ചെയ്ത 2500000/- രൂപ 22-23 വർഷത്തെ ബാലൻസ്ഷീറ്റിൽ കേരള വാട്ടർ അതോറിട്ടിയുടെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ KWA യുടെ മുന്നിരിപ്പ് നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പരിശോധിച്ച് തുടർ നടപടി അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 22/ 12.10.2023) മറുപടി നല്കിയിട്ടുണ്ട്. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരവും അവ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

B-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല.

പരിശോധിച്ച് തുടർ നടപടി അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 22/ 12.10.2023) മറുപടി നല്കിയിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-6 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്-അപാകതകൾ

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ (28451254/-) തുകയും ഇതേ പത്രികയിലെ Net Cash Generated By Operating+ Investing+financing Activity (A+B+C) ആയി രേഖപ്പെടുത്തിയ (27634888/-) തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പരിശോധിച്ച് തുടർ നടപടി അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 22/ 12.10.2023) മറുപടി നല്കി. വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-7 അക്രൂവൽ വരുമാനം-ഡിമാന്റ് എൻട്രി രേഖപ്പെടുത്തി കാണുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അതാത് ശീർഷകത്തിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തി കാണുന്നില്ല.

പരിശോധിച്ച് തുടർ നടപടി അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 22/12.10.2023) മറുപടി നല്കി.

## 1-1-8 സ്റ്റെയിൽചെക്ക് -തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

B-9 ഷെഡ്യൂളിൽ 350800101 ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള Liability In Respect Of Stale Cheque ൽ ഉൾപ്പെട്ടിട്ടുള്ള 654947/- രൂപയുടെ തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 3 വർഷം കഴിഞ്ഞ് ക്യാഷ് ആകാത്ത ചെക്കുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതും മടങ്ങി വരുന്ന ചെക്കുകൾ പരിശോധിച്ച് അതാത് ഗുണഭോക്തൃ അക്കൗണ്ടിലേയ്ക്ക് അല്ലെങ്കിൽ അതാത് ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-1-9 രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

വായ്പാ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

രജിസ്റ്ററുകൾ പരിശോധിച്ച് അപ്ഡേറ്റ് ചെയ്ത് സമർപ്പിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 22/ 12.10.2023) മറുപടി നല്കിയിട്ടുണ്ട്. രജിസ്റ്ററുകൾ കാലികമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 25.03.22 ൽ ഭരണസമിതിയുടെ 1/1--ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. വാർഷികപദ്ധതി ഭേദഗതികളുടേയും ഭാഗമായി വരവുചെലവുകണക്കുകളിൽ വന്ന മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി, തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. ബജറ്റും, പരിഷ്കരിച്ച ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തുക | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുക |
|---|---|---|
| മുന്നിരിപ്പ് | 22689555 | 22189555 |
| വരവ് | 717987823 | 497040482 |
| ആകെ | 740677378 | 519230037 |
| ചെലവ് | 716471323 | 505124766 |
| നീക്കിയിരിപ്പ് | 24206055 | 14105271 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷിക ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിൽ പാലിച്ചിട്ടുണ്ട്. ബജറ്റും റിവൈസ്ഡ് ബജറ്റും തമ്മിൽ വലിയ അന്തരം നിലനില്ക്കുന്നു. യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36700665 |
| വരവ് | 88626376 |
| ആകെ | 125327041 |
| ചെലവ് | 60175122 |
| നീക്കിയിരിപ്പ് | 65151919 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19683366 | 19683366 | 20634705 | -951339 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 18501341 | 18501341 | 18943675 | -442334 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7376897 | 7376897 | 4989363 | 2387534 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4664746 | 4664746 | 4231849 | 432897 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14723000 | 14723000 | 6871557 | 7851443 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8086000 | 8086000 | 6737719 | 1348281 |
| CSS | 0 | 0 | 0 | 1648912 | -1648912 |
| Sss | 0 | 0 | 0 | 660000 | -660000 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകതകൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ചെലവ് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20634705 | 17860444 |
| വികസന ഫണ്ട് (എസ്.സി.പി) | 18943675 | 16988448 |
| സി എഫ് സി- ടൈഡ് ഗ്രാന്റ് | 4989363 | 5100663 |

ക്യാരി ഓവർ വിഹിതം ഉൾപ്പെടെയുള്ള ചെലവുകളാണ് സുലേഖയിൽ കാണുന്നതെന്നും എ സി ആറിൽ ബജറ്റ് വിഹിതം ഉൾപ്പെടെയുള്ള ചെലവുകളാണ് എന്നും, ആയതിനാലാണ് വ്യത്യാസത്തിന് കാരണം എന്നും ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 16/ 11.10.23) മറുപടി നല്കിയിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. വ്യത്യാസത്തിലുള്ള കാരണം വിശദാംശങ്ങൾ സഹിതം വ്യക്തമാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ ( മറ്റുള്ളവ ഒഴികെ) | ചെലവ് ( മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 13432649 | 10940517 | 81.44 |
| | പട്ടിക ജാതി | 1866000 | 457500 | 24.51 |
| സേവനം | പൊതുവിഭാഗം | 78490701 | 32288720 | 41.13 |
| | പട്ടിക ജാതി | 1866000 | 457500 | 24.5 |
| പശ്ചാത്തലം | പൊതുവിഭാഗം | 27867653 | 12105421 | 43.43 |
| | പട്ടിക ജാതി | - | - | - |

ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന ധനസഹായം ഉപയോഗിച്ച് യഥാസമയം പദ്ധതികൾ പൂർത്തീകരിക്കാത്തതിനാലാണ് ചെലവ് പൂർണ്ണമാകാത്തതെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 16/11.10.23) മറുപടി നല്കി. പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions തുകകൾ 2022-23 സാമ്പത്തിക വർഷം പൂർണ്ണമായും

ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320200304 | Grants, Funds &Contributions For Specific Purposes- Other Than Development Fund And State Sponsord Scheme<br>Funds-Grant For Solid Waste Management | 25000 |
| 320200399 | Grants, Funds &Contributions For Specific Purposes-other Than Development Fund And State Sponsord Scheme Funds-0ther Purposes | 11962 |
| 320500101 | Grants, Funds &Contributions For Specific Purposes-welfare Bodies -Capital | 12640 |

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 16/ 11.10.23) ലഭ്യമാക്കിയ മറുപടി അവ്യക്തമായതിനാൽ അംഗീകരിക്കുന്നില്ല.നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ഗ്രാന്റുകൾ ചെലവഴിക്കാനോ തിരിച്ചടയ്ക്കാനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതും വിഷയത്തിന്മേൽ സ്വീകരിച്ച തുടർ നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

4) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204<br>320700404<br>320700104 | ബ്ലോക്ക് പഞ്ചായത്ത് | 1146404 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 35200 |

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക ( മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക ( മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 4225500 | 2367930 | 56 |
| കുട്ടികൾ | 5813682 | 5243866 | 90 |
| വൃദ്ധർ | 3272460 | 3034683 | 93 |
| ഭിന്നശേഷിയുള്ളവർ | 1000000 | 706830 | 71 |

| | | | |
|---|---|---|---|
| മറ്റ് ദുർബല വിഭാഗങ്ങൾ | 400000 | 199967 | 50 |

6) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

ക്രമ നം. 4 മുതൽ 6 വരെയുള്ള വിഷയങ്ങളിന്മേൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/11.10.23) നല്കിയ മറുപടി അവ്യക്തമായതിനാൽ അംഗീകരിക്കുന്നില്ല. വിഷയത്തിന്മേൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

**ഫണ്ട് വിനിയോഗം**


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**(എ)**


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 22953000 | 20634705 | 2318295 |
| വികസനഫണ്ട് എസ്.സി.പി | 20884000 | 18943675 | 1940325 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 8086000 | 6737719 | 1348281 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14723000 | 6871557 | 7851443 |
| **ആകെ** | **66646000** | **53187656** | **13458344** |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

1)




2)




**(ബി)** 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 12 | 1 | 5122750 | 4247305 | 83 |
| വെറ്റിനറി സർജൻ | 9 | 8 | 1 | 5149540 | 2486726 | 48 |
| മെഡിക്കൽ ഓഫീസർ -എഫ്.എച്ച്.സി | 15 | 14 | 1 | 6649847 | 5508181 | 83 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 4 | 4 | 0 | 770000 | 770000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28 | 24 | 4 | 84500860 | 19110771 | 22.6 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 12 | 3 | 7789163 | 6175827 | 79 |
| സെക്രട്ടറി | 38 | 30 | 8 | 18708799 | 13368326 | 71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 36 | 41 | 30350538 | 12292574 | 41 |
| ഹെഡ് മാസ്റ്റർ | 4 | 3 | 1 | 2034580 | 1611264 | 79 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 1950000 | 1950000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 1 | 10290770 | 9329254 | 91 |
| ഫിഷറീസ് ഓഫീസർ | 3 | 3 | 0 | 68159 | 63105 | 93 |
| ആകെ | 221 | 160 | 61 | 173735006 | 77263333 | 44.47 |

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 26028864 | 20634705 | 79 |
| എസ്.സി.പി. | 23266659 | 18943675 | 81 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 16896226 | 9221212 | 55 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5746193 | 1648912 | 29 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 35115584 | 660000 | 2 |
| തനത് ഫണ്ട് | 13994982 | 5518322 | 39 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 11650971 | 4738250 | 41 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 15771880 | 2018050 | 13 |
| മെയിന്റനൻസ് റോഡ് | 15148000 | 6871557 | 45 |
| മെയിന്റനൻസ് റോഡിതരം | 9686000 | 6737719 | 70 |
| മറ്റുള്ളവ | 89708290 | 14183605 | 16 |
| ആകെ | 263443296 | 91446938 | 35 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 221 | 160 | 61 | 173735006 | 77263333 | 44.47 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 അനുസരിച്ച് ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.01/09.10.23-ന്റെ മറുപടി)

നിലവിലെ ആസൂത്രണ സമിതി, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

കൃഷി അനുബന്ധ മേഖലകൾ വർക്കിംഗ് ഗ്രൂപ്പ് ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ശരിയായ രീതിയിൽ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ല.

(1) വർക്കിംഗ് ഗ്രൂപ്പ് മിനിട്സുകളിൽ ഹാജർ മാത്രം രേഖപ്പെടുത്തുകയോ, തീയതി മാത്രം രേഖപ്പെടുത്തുകയോ ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. ഉദാ. ദാരിദ്ര്യലഘൂകരണം വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യം .

(2) പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)84/22/ത.സ്വ.ഭ.വ. തീ.19.04.22) ഖ.3.1.2 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ക്വാറം ആകെ അംഗങ്ങളുടെ 1/3 ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മിക്ക വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലും ക്വാറം തികയുന്നില്ല. ഉദാ. 14 അംഗങ്ങളുള്ള മൃഗസംരക്ഷണം ക്ഷീര വികസനം വർക്കിംഗ് ഗ്രൂപ്പ് തീയതി രേഖപ്പെടുത്താത്ത യോഗത്തിൽ 3 അംഗങ്ങളുടെ ഹാജർ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിദ്യാഭ്യാസം

യുവജനക്ഷേമം(15 അംഗങ്ങൾ) 30.12.22-ലെ യോഗത്തിൽ 2 അംഗങ്ങളുടെ ഹാജരാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(3) വർക്കിംഗ് ഗ്രൂപ്പ് യോഗം - മിനിട്സ് രേഖപ്പെടുത്തുന്നില്ല

ഉദാ. ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പ് - വി.ഇ.ഒ കൺവീനറായുള്ള 17 അംഗങ്ങളുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് ബുക്കിൽ, പേജ് 5,9 എന്നിവയിൽ 3 അംഗങ്ങളുടെ ഹാജറും, പേജ് 11-ൽ 3 അംഗങ്ങളുടെ ഹാജരിനൊപ്പം 3 പ്രോജക്ട് നിർദ്ദേശങ്ങളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്

ആരോഗ്യം - പേജ് 11-ൽ 15.10.22 തീയതിയിലെ മിനിട്സ് - 7 അംഗങ്ങളുടെ ഹാജർ, പേജ് 12-ൽ 03.12.22 മിനിട്സ് - 4 അംഗങ്ങളുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.46/17.10.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

(4) ഗണനീയമായ പട്ടികജാതി വിഭാഗം ഉൾപ്പെടുന്ന പഞ്ചായത്തിൽ പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല. വിശദാംശം ഖ 1-24 -ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(5) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

(6) 2022-23 സാമ്പത്തിക വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ് യോഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് രൂപീകരിച്ച് കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.46/17.10.23)

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം- വനിതാ വികസനം | 11.05.22 | പേപ്പർ ബാഗ്, തുണിസഞ്ചി, ജൂട്ട് ബാഗ് നിർമ്മിക്കുന്നതിൽ പരിശീലനം |
| 2 | ആരോഗ്യം | 15.01.22 | വർദ്ധിച്ചുവരുന്ന ആത്മഹത്യ, ലഹരി ഉപയോഗം ഇവ കണക്കാക്കി യുവജനങ്ങൾക്കായി മാസത്തിലൊരിക്കൽ കൗൺസിലിംഗിനു വേണ്ടിയുള്ള പ്രോജക്ട് |
| 3 | കുടിവെള്ളം | 15.06.22 | പൊതുകുളങ്ങളുടെയും കിണറുകളുടെയും നവീകരണം |

സ്റ്റാറ്റസ് റിപ്പോർട്ട്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രശ്നങ്ങൾക്ക് അനുസൃതമായി പ്രോജക്ട് രൂപീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.46/17.10.23)

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | പ്രാദേശിക സാമ്പത്തിക വികസനം | അതീവഗുരുതരം | 1. മൂലധനത്തിന്റെ അപര്യാപ്തത<br>2. വൈദഗ്ധ്യത്തിന്റെ അഭാവം |

| | | | |
|---|---|---|---|
| 2 | കൃഷി | അതീവഗുരുതരം | 1. ജല ദൗർലഭ്യം<br>2. മണ്ണ് സംരക്ഷണം |
| 3 | ദാരിദ്ര്യ ലഘൂകരണം | ഗുരുതരം | ഭവന നിർമ്മാണ മേഖലയിലെ നിർമ്മാണ ചെലവ് |
| 4 | സാമൂഹ്യനീതി | അതീവഗുരുതരം | ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ |

ഗ്രാമസഭ

പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി സ്വീകരിച്ച നടപടികൾ, വിവിധ പദ്ധതികളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം, തൻ വർഷത്തെ പദ്ധതിയിലുൾപ്പെട്ട നൂതന പ്രോജക്ടുകൾ, സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) -ന്റെ ലഭ്യത തുടങ്ങിയ വിഷയങ്ങളുടെ വിശദാംശം 09.10.2023- ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.1-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇത് സംബന്ധിച്ച വിശദാംശമോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും പ്രോജക്ട് രൂപീകരണ നിർവ്വഹണ വേളകളിൽ വർക്കിംഗ് ഗ്രൂപ്പിന്റെയും ആസൂത്രണ സമിതിയുടെയും സജീവ സാന്നിദ്ധ്യം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. പദ്ധതിപ്പണം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകും വിധം പാഴാക്കാതെ ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 52320 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 2038600 | 186 |
| വിധവ പെൻഷൻ | 16711400 | 1744 |
| വാർദ്ധക്യകാലപെൻഷൻ | 35654600 | 3579 |
| വികലാംഗപെൻഷൻ | 5171900 | 472 |
| വിവാഹധനസഹായം | 360000 | 12 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 267600 | 27 |

## 1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - അനർഹരെ ഒഴിവാക്കുന്നത് - തുടർ നടപടി വിവരം ലഭ്യമല്ല

സാമൂഹ്യ പെൻഷൻ, അനർഹരെ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.58/18.10.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. ധനകാര്യ വകുപ്പിന്റെ 16/04/2022 ലെ 1174016/എസ്.എഫ്.സി.ബി 2/2019/ധന നമ്പർ കത്ത് പ്രകാരം രണ്ട് ഏക്കർ ഭൂമിയുള്ള റബർ സബ്സിഡി നൽകുന്നവരുടെ പെൻഷൻ ഒരു മാസത്തെ നോട്ടീസ് നൽകി റദ്ദ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻ റദ്ദ് ചെയ്യുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ള ഗുണഭോക്താക്കൾ സമർപ്പിക്കുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറിമാർ വിശദ പരിശോധന നടത്തേണ്ടതും പ്രസ്തുത വ്യക്തികൾക്ക് രണ്ടേക്കറിൽ കൂടുതൽ ഭൂമിയില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം അവരെ സേവന പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതില്ലായെന്ന് 29.06.2022 ലെ 1174016/ എസ്.എഫ്.സി ബി 2/2022 നമ്പർ കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

രണ്ട് ഏക്കർ ഭൂമിയുള്ള റബർ സബ്സിഡി ലഭിക്കുന്നവരും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവരുമായവരുടെ

ലിസ്റ്റ് പരിശോധിച്ചതിൽ ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ രണ്ട് ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐ.ഡി | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം |
|---|---|---|
| 102250203652 | ശ്രീ. എസ്സ് സുഭഗൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 102250201293 | ശ്രീമതി. പ്രസന്നാസുദേവൻ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |

സേവന പെൻഷൻ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ മേൽ വ്യകതികളുടെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആണ്. പ്രസ്തുത വ്യക്തികൾക്ക് തുടർന്നും പെൻഷൻ അനുവദിക്കുന്നത് പരിശോധനാ വിധേയമാക്കിയിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

2. സർക്കുലർ നമ്പർ 23/2023/ധന തീയതി 08.03.2023 പ്രകാരം 2022 ഡിസംബർ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടതിൽ, പ്രാദേശിക സർക്കാരിലെ രേഖകൾ പ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരിൽ ആരും തന്നെ പെൻഷൻ കൈപ്പറ്റിയിട്ടില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഒരു സർട്ടിഫിക്കറ്റ് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും 25.03.2023-നകം സർക്കാരിൽ ലഭ്യമാക്കേണ്ടതും സേവന പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ് എന്ന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്തിൽ, മരണശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നില്ലായെന്ന് ഉറപ്പാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

മേൽ വിഷയങ്ങളിൽ ആവശ്യമായ തുടർ നടപടി കൈക്കൊണ്ട്, അനർഹരായ വ്യക്തികൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2023 തീയതിയിൽ 3.00 PM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38,452/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവ് വർദ്ധിപ്പിക്കുന്നതിനുതകുന്ന നടപടികൾ കൈക്കൊള്ളുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

4) പുതുതായി ആർജിക്കുന്ന ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

5) വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭ, ആസൂത്രണസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും മിനിട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

6) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 23566 | 767356 | 790922 | 86944 | 703978 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 29700789 | 29700789 | 29700789 | 0 |
| ആകെ | 23566 | 30468145 | 30491711 | 29787733 | 703978 |

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2022 മുതൽ 31.01.2022 വരെ | 01.01.2021 മുതൽ 31.07.2021 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2016 മുതൽ 19.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 28.12.2016 |

## 1-11 വസ്തു നികുതി ശേഖരണം - അപാകങ്ങൾ

വസ്തു നികുതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു

### 1-11-1 വസ്തു നികുതി പരിഷ്കരണം -തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

05/04/2023 ലെ സ.ഉ.(അച്ചടി)നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് 01.04.2023 മുതൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചുമത്തുന്നതിനുള്ള നിരക്കുകൾ 02.05.2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണത്തിന് അനുസൃതമായി ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് 17.06.2023 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6(1) നമ്പർ തീരുമാനപ്രകാരം നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നികുതി നിരക്കുകൾ ഉൾപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്.

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തിയതിനു ശേഷം 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ലഭ്യമാക്കേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

( അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 04/09.10.2023 -ന്റെ മറുപടി)

### 1-11-2 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ 13 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl | Ward Name | No. Of | Purification Completed Count | Purification |
|---|---|---|---|---|

| No | | Buildings | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | Pending Count |
|---|---|---|---|---|---|---|---|---|---|
| 1 | ( 1 ) Vandippura | 794 | 0 | 794 | 0 | 794 | 0 | 794 | 0 |
| 2 | ( 2 ) Palayamkunnu | 885 | 0 | 885 | 0 | 885 | 0 | 885 | 0 |
| 3 | ( 3 ) Kovoor | 1047 | 1 | 1046 | 0 | 1046 | 0 | 1046 | 1 |
| 4 | ( 4 ) Sivapuram | 811 | 0 | 811 | 0 | 811 | 0 | 811 | 0 |
| 5 | ( 5 ) Muthana | 850 | 0 | 850 | 0 | 850 | 0 | 850 | 0 |
| 6 | ( 6 ) Mavinmoodu | 731 | 0 | 731 | 0 | 731 | 0 | 731 | 0 |
| 7 | ( 7 ) Njekkadu | 821 | 0 | 821 | 0 | 821 | 0 | 821 | 0 |
| 8 | ( 8 ) Chemmaruthy | 640 | 0 | 640 | 0 | 640 | 0 | 640 | 0 |
| 9 | ( 9 ) Panchayathaffice | 684 | 0 | 684 | 0 | 684 | 0 | 684 | 0 |
| 10 | ( 10 ) Valiyavila | 482 | 0 | 482 | 0 | 482 | 0 | 482 | 0 |
| 11 | ( 11 ) Tharatta | 745 | 1 | 744 | 0 | 744 | 0 | 744 | 1 |
| 12 | ( 12 ) Thokkadu | 878 | 0 | 878 | 0 | 878 | 0 | 878 | 0 |
| 13 | ( 13 ) Praleyagiri | 738 | 0 | 738 | 0 | 738 | 1 | 737 | 1 |
| 14 | ( 14 ) Panayara | 672 | 0 | 672 | 0 | 672 | 0 | 672 | 0 |
| 15 | ( 15 ) Thachodu | 607 | 0 | 607 | 0 | 607 | 0 | 607 | 0 |
| 16 | ( 16 ) Sreenivasapuram | 830 | 0 | 830 | 0 | 830 | 0 | 830 | 0 |
| 17 | ( 17 ) Nadayara | 832 | 0 | 832 | 0 | 832 | 1 | 831 | 1 |
| 18 | ( 18 ) Muttappalam | 887 | 0 | 887 | 0 | 887 | 2 | 885 | 2 |
| 19 | ( 19 ) Chavadimukku | 744 | 2 | 742 | 0 | 742 | 5 | 737 | 7 |
| | Total | 14678 | 4 | 14674 | 0 | 14674 | 9 | 14665 | 13 |

അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 09/10.10.2023) മറുപടിയായി നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ സൗകര്യം ലഭ്യമല്ലായെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി, ഡാറ്റാ ലോക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-3 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് തെറ്റായി നികുതി നിർണ്ണയിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ മുഖേന ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/- രൂപ നിരക്കിൽ വസ്തു നികുതി നിർണയിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഐ.ഡി | കെട്ടിട നം. | ഉടമയുടെ പേര് | തറ വിസ്തീർണ്ണം |
|---|---|---|---|---|

| | | | | $(M^2)$ |
|---|---|---|---|---|
| 1 | 50225010015602 | 11/288/A | സജി.ഡി.എസ് | 105 |
| 2 | 50225010015704 | 12/262/A | ബീന.എസ് | 112.06 |
| 3 | 50225010018405 | 15/50/J | വേണു.എസ്.നായർ | 105 |
| 4 | 50225010018391 | 18/539/C | ഹെന സാബു | 185.62 |

കെട്ടിടങ്ങളിൽ ക്രമ നം.(3) ഒഴികെയുള്ളവ ഷീറ്റ് മേൽക്കൂരയോടു കൂടിയ താൽക്കാലിക കെട്ടിടങ്ങളാണെന്നും 2023 – ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങൾ നേരിൽ പരിശോധിച്ച് തറവിസ്തീർണ്ണവും ഉപയോഗ ക്രമവും ബോധ്യപ്പെട്ടതിനു ശേഷം തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/09.10.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങൾ പരിശോധിച്ച് തറവിസ്തീർണ്ണം കൃത്യമായി കണക്കാക്കേണ്ടതും, അതിൻ പ്രകാരമുള്ള വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-11-4 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 05/09.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി ഒക്യുപൻസി ലഭിച്ചതിന് ശേഷമുള്ള നിർമ്മാണങ്ങൾ കണ്ടെത്തി ടാക്സ് റിവിഷൻ നടത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-11-5 അനധികൃത നിർമ്മാണം – തുടർനടപടി അനിവാര്യം

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാക്കിയ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രകാരം 15 കെട്ടിടങ്ങൾ അനധികൃത നിർമ്മാണങ്ങളായി നിലനിൽക്കുന്നുണ്ട്.

| ക്രമ നമ്പർ | കെട്ടിട ഐ.ഡി | കെട്ടിട നമ്പർ | ഉപയോഗക്രമം | തറ വിസ്തീർണ്ണം ( M2) | ഉപയോഗം തുടങ്ങിയ തീയതി | ഈടാക്കുന്ന വാർഷിക വസ്തു നികുതി (രൂപ) |
|---|---|---|---|---|---|---|
| 1 | 50225010020722 | 1/49/B | പാർപ്പിടാവശ്യം | 39.38 | 25.04.2022 | 448 |
| 2 | 50225010018193 | 2/226/A | പാർപ്പിടാവശ്യം | 49 | 22.08.2017 | 495 |
| 3 | 50225010016138 | 2/263/B | പാർപ്പിടാവശ്യം | 79 | 03.10.2016 | 797 |
| 4 | 50225010016233 | 4/57/B U/A | പാർപ്പിടാവശ്യം | 60 | 01.09.2016 | 605 |
| 5 | 50225010018930 | 5/539/ | പാർപ്പിടാവശ്യം | 33 | 07.06.2017 | 293 |
| 6 | 50225010020731 | 8/119/E | വാണിജ്യാവശ്യം | 29.75 | 02.03.2022 | 2533 |
| 7 | 50225010017604 | 8/431/B | പാർപ്പിടാവശ്യം | 51 | 02.05.2017 | 517 |
| 8 | 50225010020796 | 11/26/D | പാർപ്പിടാവശ്യം | 34.4 | 26.07.2021 | 306 |
| 9 | 50225010020874 | 11/26/E | പാർപ്പിടാവശ്യം | 45.78 | 07.10.2022 | 407 |
| 10 | 50225010020541 | 11/252/A | വാണിജ്യാവശ്യം | 65.62 | 08.11.2021 | 7444 |
| 11 | 50225010018194 | 12/163/A | പാർപ്പിടാവശ്യം | 37 | 29.08.2017 | 375 |
| 12 | 50225010018155 | 13/450/A | പാർപ്പിടാവശ്യം | 53.47 | 20.06.2017 | 675 |
| 13 | 50225010021079 | 15/10/C | പാർപ്പിടാവശ്യം | 27.5 | 01.07.2013 | 264 |

| | | | | | | |
|---|---|---|---|---|---|---|
| 14 | 50225010019285 | 16/67/A | പാർപ്പിടാവശ്യം | 33 | 12.12.2028 | 293 |
| 15 | 50225010019127 | 16/464/B | പാർപ്പിടാവശ്യം | 124.46 | 04.07.2018 | 1415 |

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകൾ അപേക്ഷ ലഭിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് (Demolition Of Buildings Not Regularised).

മേൽ പട്ടികപ്പെടുത്തിയ കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനോ, അല്ലാത്ത പക്ഷം ചട്ട പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനോയുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-11-6 അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235.എഎ(3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേകം നമ്പർ നൽകേണ്ടതാണ്. കൂടാതെ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിൽ ആയിരിക്കുവാൻ പാടുള്ളതല്ല. പ്രസ്തുത കെട്ടിടത്തിന് അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണ് എന്ന് സൂചിപ്പിക്കുന്ന 'യു.എ' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നിയമാനുസൃത കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന രീതിയിലാണ് കെട്ടിട നമ്പർ അനുവദിച്ചു പോരുന്നത് എന്ന് കാണുന്നു. ചട്ടങ്ങൾ പ്രകാരം 'യുഎ' ചേർത്ത് പ്രത്യേക നമ്പർ അനുവദിച്ചിട്ടില്ല. അപാകം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള U/A നമ്പർ അനുവദിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-7 ഫീൽഡ് സന്ദർശനങ്ങൾ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നം. RB3/178/2020/lsgd Dated 20.6.2022 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ, വാസഗൃഹമോ എപ്രകാരമുള്ള കെട്ടിടങ്ങളായാലും അവയ്ക്ക് കേരളപഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തി ഉപയാഗിക്കുക -അതുവഴി പാർക്കിംഗ് ഏരിയ, റോഡിൽ നിന്നുള്ള അകലം എന്നിവ ഇല്ലാതാക്കുക തുടങ്ങിയ ക്രമവിരുദ്ധമായ നടപടികൾ തദ്ദേശഭരണസെക്രട്ടറിമാർ കർശനമായി നിരീക്ഷിക്കണമെന്നും അതോടൊപ്പം അപ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും അഥവാ ഇത്തരത്തിലുള്ള നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് പൊളിച്ചു നീക്കുന്നതിനുള്ള സത്വരനടപടിൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും തുടർ നടപടി വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കുലറിലെ നിർദ്ദേശ പ്രകാരം അനധികൃത നിർമ്മാണങ്ങൾ കൃത്യമായി നിരീക്ഷിക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി - ബജറ്റിൽ നിന്നുള്ള വ്യതിയാനം പരിശോധനാ വിധേയമാക്കേണ്ടതാണ്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തു നികുതി വരവ് 4300000/- രൂപയാണ്. സഞ്ചയ, പ്രകാരമുള്ള വസ്തു നികുതി വരവ് 3565986/- രൂപയും (റെസിഡൻഷ്യൽ - 2100228/- + നോൺ റെസിഡൻഷ്യൽ 1465758/-) ഐ.എൽ.ജി.എം.എസ് പ്രകാരമുള്ളത് 3506137/- രൂപയും (റെസിഡൻഷ്യൽ - 2045363/- + നോൺ റെസിഡൻഷ്യൽ 1460774/-) ആണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തു നികുതിയിൽ നിന്നും യഥാർത്ഥ വസ്തുനികുതിയുടെ വ്യതിയാനം പരിശോധനാ വിധേയമാക്കിയതായി കാണുന്നില്ല. വസ്തു

നികുതിയിനത്തിലെ യഥാർത്ഥ വരവും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധനാ വിധേയമാക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 ഓൺലൈൻ പേമെന്റ് -തുക ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിവിധ സേവനങ്ങൾക്കുള്ള ഫീസ് തുകകളും, നികതി-നികുതിയേതര വരവിനത്തിലുള്ള തുകകളും ഓൺലൈനായി ഒടുക്കുന്നത് പഞ്ചായത്തിന്റെ 37289819391 നമ്പർ (എസ്.ബി.ഐ. പനയറ ശാഖ) അക്കൗണ്ടിലേക്കാണ് ലഭിക്കുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത് എന്ന് പരിശോധനയിൽ കാണുന്നു. പഞ്ചായത്തിലെ വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് തിരിച്ചറിയുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 വരെ രസീത് ചെയ്തതിൽ 31867/- രൂപ ലഭിക്കാനുള്ളതായി കാണുന്നു. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. 117220900102/31.03.2018 തുക 7534, 118220900082/ 31-03-2019 തുക 9602/- എന്നീ തുകകൾ ഓഡിറ്റ് തീയതി വരെയും ഐ.കെ.എമ്മിൽ നിന്നും ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (35/17.10.2023) ഭരണ സമിതി തീരുമാനത്തിന് വിധേയമായി പ്രസ്തുത വിഷയം ഐ.കെ.എം - ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനം IKM – ന്റെ അക്കൗണ്ടിൽ നിലനിൽക്കുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണസമിതി മുഖേന സർക്കാർ തലത്തിൽ ബന്ധപ്പെട്ട് ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കടമുറികൾ ഉപയോഗക്ഷമമാക്കി വാടകയ്ക്ക് നൽകേണ്ടതാണ്.

കടമുറി വാടക രജിസ്റ്റർ പരിശോധിച്ചതിൽ മുട്ടപ്പലം മാർക്കറ്റ് സ്റ്റാൾ നമ്പർ 13, 18 എന്നിവ ഉപയോഗക്ഷമമല്ലാത്തതിനാൽ വാടകയ്ക്ക് നൽകിയിട്ടില്ലായെന്ന് കാണുന്നു. പ്രസ്തുത കടമുറികൾ ഉപയോഗക്ഷമമാക്കി വാടകയ്ക്ക് നൽകുന്നതിനും ആയതിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/10.10.2023) മറുപടിയായി പ്രസ്തുത വിഷയം ഭരണസമിതി ചർച്ചയ്ക്ക് വിധേയമാക്കി, ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റാളുകളുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-15 ടൂറിസം വികസനത്തിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ്.

ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്കുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19-04-2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ടൂറിസം വകുപ്പുമായി ചേർന്നുള്ള ' ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതികൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ടൂറിസം കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീയതി 17/04/2023 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 56/18.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി, അതിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള സാധ്യത തേടാവുന്നതാണ്.

## 1-16 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 229530/- രൂപ നഷ്ടമായി

സ.ഉ(കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം

കുറവ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2022-23 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1049/2023/ ധന തീയതി 13-02-2023 പ്രകാരം ലഭ്യമാക്കിയതിൽ ചെമ്മരുതി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വികസനഫണ്ടിൽ നിന്നും 229530/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷവും പഞ്ചാത്തിന്റെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് തനതു ഫണ്ടിലെ കുറവിനെ കൂടാതെ വികസന ഫണ്ടിന്റെ ലഭ്യതയെ കൂടി ബാധിക്കുമെന്നതിനാൽ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി-നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്.

## 1-17 തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല - നടപടി അനിവാര്യം

2022-23 സാമ്പത്തിക വർഷം പഞ്ചാത്തിന്റെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings (Current) | 15646 |
| 431100103 | Receivables For Property Tax On Non- Residential Buildings (Current) | 5707 |
| 431400102 | Rent Receivables From Buildings(Arrears) | 12640 |
| 431400105 | Receivables Towards Market Receipts(current) | 145,520 |
| 431400106 | Receivables Towards Market Receipts(Arrears) | 132,200 |

തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 08/10.10.2023) തുകകൾ 100% പിരിച്ചെടുത്തതായും, റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെന്നുമുള്ള അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടിയുടെ ആധികാരികത തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുകകൾ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. തനത് വരുമാനം പൂർണ്ണമായും ഈടാക്കാത്തത് മൂലം പഞ്ചായത്തിന് ലഭിക്കേണ്ട വികസന ഫണ്ടിൽ കുറവ് വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുണ്ട്. ആയതിനാൽ ഭരണസമിതിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-18 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-18-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | സെലക്സ് എസ്.ജെ | സെലക്സ് ലാന്റ്, പാളയം കുന്ന് പി.ഒ, വർക്കല |

| | | |
|---|---|---|
| 2 | ദിലീപ് .ബി | പടിഞ്ഞാറ്റതിൽ, അയന്തി, വർക്കല |
| 3 | ഗിരീഷ് കുമാർ കെ.എസ് | അഞ്ജലി നിവാസ്, കരുമം പി.ഒ, തിരുവനന്തപുരം |
| 4 | ബജാജ് റാം.ബി | പേരാം തൊടി വീട്, കുരയിൽ, പനവൂർ |
| 5 | എം.സുഗുണാനന്ദൻ | പാട്ടത്തിൽ, ഞെക്കാട്, വടശ്ശേരിക്കോണം പി.ഒ |
| 6 | നസീർ.എസ് | പാണന്റഴികം, അയിരൂർ പി.ഒ, വർക്കല |
| 7 | ജയൻ.വി | കമ്പക്കാട് വീട്, പനയറ പി.ഒ, വർക്കല |
| 8 | കേരളീയൻ.എസ് | റീന നിവാസ് , വടശ്ശേരിക്കോണം പി.ഒ, ഞെക്കാട് |
| 9 | ദിവ്യ ദർശിനി.എസ് | സാഗരി, ഞെക്കാട്, വടശ്ശേരിക്കേണം പി.ഒ |
| 10 | ബിജിൽ റാം.ബി | പേരാം തൊടി വീട്, കുനയിൽ, പരവൂർ |
| 11 | ശ്രീജിത്ത്.എസ് | എസ്.എസ് നിവാസ്, തേരിവിള, നെല്ലിമൂട് |
| 12 | നിഖിൽ കേരളീയൻ | നിജി നിവാസ്, വട്ടപ്ലാമൂട്, ശ്രീനിവാസപുരം |
| 13 | ശ്രീകുമാർ.എസ് | എസ്.എസ് നിവാസ്, തേരിവിള, നെല്ലിമൂട് |
| 14 | ആർ.അജിത്ത് കുമാർ | ഇന്ദീവരം, തച്ചോട്, തോക്കാട് |

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (57/18.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കരാറുകാരിൽ നിന്നും 60 ദിവസത്തിലധികം പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നികുതി ഒടുക്കാത്തതുമായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**1-18-2 സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.**

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഞെക്കാട്, വണ്ടിപ്പുര ക്ഷീരസംഘങ്ങളിൽ നിന്നും ഒന്നും, രണ്ടും അർദ്ധവർഷങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/09.09.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്ഷീര സമൃദ്ധി പ്രോജക്ടുമായി ബന്ധപ്പെട്ട് ഡയറി ഫാം ഇൻസ്ട്രക്ടർ ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത ക്ഷീര സഹകരണ സംഘങ്ങൾ 202-23 വർഷം പ്രവർത്തിച്ചിരുന്നുവെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വാസ്തവ വിരുദ്ധമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കിയത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള അനാസ്ഥയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-18-3 തൊഴിൽ നികുതി - സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും

ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 03/09.10.2023) മറുപടിയായി തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം വാർഡ് തല സ്റ്റാഫുകൾക്ക് നൽകേണ്ടതും, തൊഴിൽ നികുതി അടവാക്കാൻ ബാധ്യതയുള്ള മുഴുവൻ വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പ്രസ്തുത വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ലൈസൻസ് - അപാകങ്ങൾ

ലൈസൻസ് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-19-1 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല

ട്രേഡേഴ്സ് ലിസ്റ്റ് 2022-23 പ്രകാരം പഞ്ചായത്തിൽ 348 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 336 വ്യാപാര സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (52/18.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-19-2 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണവും 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 729 |
| 2 | 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 146 |
| 4 | 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 29 |
| 5 | ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 621 |
| 6 | ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ | 58 |
| | ആകെ | 1583 |

പഞ്ചായത്തിൽ തൻവർഷം 336 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. മേൽ വ്യത്യാസം പരിശോധനാ വിധേയമാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-19-3 അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ അനധികൃതമായി പ്രവർത്തിച്ച് വരുന്ന ഭക്ഷണം പാകം ചെയ്തും അല്ലാതെയും വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഡബ്ല്യ എം 1/262/2022 ത.സ്വ.ഭ.വ തീയതി 2/05/2022 നമ്പർ സർക്കുലറിൽ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഭരണസമിതിയുടെ

16/05/2022 ലെ 6(1) നമ്പർ തീരുമാന പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ സ്ഥല പരിശോധന നടത്തി നോട്ടീസ് നൽകുന്നതിനും, വാർഡ് തലത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു.

തുടർ നടപടികളുടെ വിശദാംശവും, ഇതിനെ തുടർന്ന് ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരവും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (52/18.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളെ കണ്ടെത്തി അവയ്ക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19-4 ജിംനേഷ്യങ്ങൾക്ക് ലൈസൻസ് ഉറപ്പാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01.08.2022 ലെ നം.എൽ.എസ്.ജി.ഡി ആർ.ഡി 1/47/2022 സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാര പരിധിയിൽ 1963- ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (52/18.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-20 യന്ത്ര സാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള മോട്ടോർ ഫീസ് ഈടാക്കുന്നതിലെ അപാകം

കേരള പഞ്ചായത്ത് രാജ് ചട്ടം 18, 19 പട്ടിക III പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. നിയമാനുസൃത മോട്ടോർ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.**

10HP ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫ്ലവർ & ഓയിൽ മിൽ പ്രവർത്തിപ്പിക്കുന്നതിനായി ശ്രീ.റെജിമോൻ, ബംഗ്ലാവിൽ വീട്, നടയറ ലഭ്യമാക്കിയ അപേക്ഷയിൽ ലൈസൻസ് ഫീസോടൊപ്പം ഈടാക്കേണ്ട മെഷീൻ ഫീസ് (100/- രൂപ) ഈടാക്കിയിട്ടില്ല.

**2) കുതിര ശക്തിയ്ക്കനുസൃതമായി മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.**

| സ്ഥാപനം | വാർഡ് നം/ കെട്ടിട നമ്പർ | യന്ത്രത്തിന്റെ കുതിര ശക്തി | അടവാക്കിയ ഫീസ് | അടവാക്കേണ്ട തുക |
|---|---|---|---|---|
| പൂർണ്ണ പ്രിന്റിംഗ് & പബ്ലിഷിംഗ് | 19/489,490 | 120 HP | 1000 | 2000 |
| ഫ്ലവർ & ഓയിൽ മിൽ | 13/172 | 27 HP | 200 | 300 |
| ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് | 18/455 B | 6 HP | 50 | 100 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (48/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാത്ത/കുറവായി ഈടാക്കിയ മോട്ടോർ ഫീസ് ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-21 "Sale Of Scrap" ഇനത്തിൽ ലഭിച്ച വരവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ RP-5 ഷെഡ്യൂളിൽ Receipts From Sale Of Scrap / Empties And Waste Materials ഇനത്തിൽ 7407/ - രൂപ വരവ് ലഭിച്ചതായി കാണുന്നു. പ്രസ്തുത വരവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി പ്രസ്തുത ഫയൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 മാർക്കറ്റ് ലേലം – തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.

തച്ചോട് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 28/02/2022 തീയതിയിലെ 3(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം ഫിറോസ് ഖാൻ, പൊയ്കയിൽ വീട് , എസ്.വി.പുരം എന്ന വ്യക്തിക്ക് 342000/- രൂപയ്ക്ക് നൽകിയിരുന്നു. ലേലം അംഗീകരിച്ചതിനെ തുടർന്ന് 135000/- രൂപ ( ലേല തുക – 114480/-, ജി.എസ്.ടി - 20520/- ) രസീത് നമ്പർ 1210104871/ 25.02.2022 പ്രകാരം അടവാക്കിയിട്ടുണ്ട്.

ലേല നിബന്ധന ക്രമ നം .1 - ൽ ഭരണസമിതി അംഗീകാരത്തിന് വിധേയമായി 200/- രൂപയുള്ള മുദ്രപത്രത്തിൽ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ഉടമ്പടി വച്ചതിനു ശേഷം മാത്രം 01/04/2022 മുതൽ ഫീസ് പിരിവ് നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിബന്ധനകൾ ഒന്നും തന്നെ രേഖപ്പെടുത്താത്ത കരാറാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ലേല നിബന്ധന ക്രമ നം .2 പ്രകാരം അവശേഷിക്കുന്ന ലേല തുക 2 തുല്യഗഡുക്കളായി 31/09/2022, 31/12/2022 എന്നീ തീയതികളിൽ ഒടുക്കേണ്ടതാണ്. 30/09/2022 തീയതിയ്ക്കുള്ളിൽ അടവാക്കേണ്ടിയിരുന്ന 134280/-രൂപ 7 ദിവസത്തിനകം അടവാക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ലേലാവകാശം റദ്ദ് ചെയ്ത് പുനർലേലം ചെയ്യുന്നതാണെന്നും അറിയിച്ചുകൊണ്ട് 01/10/2022 ന് ശ്രീ. ഫിറോസ് ഖാന് കത്ത് നൽകിയിരുന്നു. തുടർന്ന് രസീത് നമ്പർ 1220103795/10.01.2023 പ്രകാരം 100000/- രൂപ (ലേല തുക 82000/-, ജി.എസ്.ടി 18000/-) ടിയാൻ അടവാക്കിയിട്ടുണ്ട്. ഇപ്രകാരം ആകെ 196480/- രൂപയാണ് ലേല തുകയായി അടവാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 145520/- രൂപ ( 342000 – 196480) അടവാക്കിയിട്ടില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 17/12.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1. അടവാക്കാൻ അവശേഷിക്കുന്ന ലേലതുകയായ 145520/- രൂപ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം.

2. ലേല നിബന്ധനയിൽ നിഷ്കർച്ചിട്ടുള്ള തീയതികൾക്ക് മുൻപായി ലേല തുക അടവാക്കാത്ത സാഹചര്യത്തിൽ ലേലാവകാശം റദ്ദ് ചെയ്ത് പുനർലേലം ചെയ്യാത്തതിന്റെ കാരണം.

3. സെക്രട്ടറിയുമായി ചമച്ച കരാറിൽ നിബന്ധനകൾ രേഖപ്പെടുത്താത്തതിന്റെ കാരണം.

4. മുൻവർഷത്തെ ലേല തുകയിൽ തച്ചോട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 117200/- രൂപയും മുട്ടപ്പലം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനത്തിൽ ലഭിക്കേണ്ടിയിരുന്ന 15000/- രൂപയും ഈടാക്കിയിട്ടില്ല. മേൽ തുകകൾ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തൻവർഷത്തെ ലേലകുടിശ്ശികയായ 145520/- രൂപയും, മുൻവർഷങ്ങളിലെ 132200/- രൂപയും (117200+ 15000) പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, തുടർനടപടി വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-23 നികുതി / നികുതിയേതര വരവുകൾ - അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു(കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യാപാരം വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി ചോർച്ചയ്ക്ക് ഇടയാക്കുന്നു. നികുതി നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

**1) പുതിയ തനതുവരുമാനമേഖലകൾ:**

പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം

വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

**2) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല**

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും രക്ഷപെടുന്നുണ്ട്. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാനകാരണം.

**3) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്‌വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത തേടേണ്ടതാണ്:**

തൊഴിൽ നികുതി ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM- ന്റെ സഹായം തേടുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്

**4) മുൻ വസ്തുനികുതി പരിഷ്കരണത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കുമ്പോൾ അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്**

2013 നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നികുതി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ് .

**ഓഡിറ്റിന്റെ ശുപാർശകൾ:**

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3) അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്യാവുന്നതാണ്.

5) വസ്തുനികുതി നിർണ്ണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് തല റിപ്പോർട്ടിനൊപ്പം നടത്താവുന്നതാണ്.

6) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

7) സാങ്കേതികമായ പ്രശ്നങ്ങൾ IKM ന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതാണ്.

8) പഞ്ചായത്തിലെ പൊതു കുളങ്ങൾ മത്സ്യകൃഷിക്കായി ലേലം ചെയ്തു നൽകുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

9) വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കാവുന്നതാണ്.

10) മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം കൊള്ളുന്ന വ്യക്തികളിൽ നിന്നും ലേല തുക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

11) ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് വാർഡ് തല സ്റ്റാഫുകളുടെ സഹായത്തോടു കൂടി പരിശോധിച്ച് ഉറപ്പാക്കാവുന്നതാണ്.

## 1-24 പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പ് - പ്രവർത്തനം അപര്യാപ്തം

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 434 പട്ടികജാതി സങ്കേതങ്ങളും കോളനികളും ഉൾപ്പെടുന്ന പഞ്ചായത്തിലെ പട്ടികജാതി

ജനസംഖ്യ 7626 ആണ്. ജനസംഖ്യയിൽ 88 ഭിന്നശേഷിക്കാരും 239 നിത്യരോഗികളും ഉൾപ്പെടുന്നു. വിവിധ വിഷയങ്ങളിലെ പ്രശ്ന വിശകലനത്തിൽ മേഖലകളെല്ലാം ഗുരുതരം, അതീവഗുരുതരം വിഭാഗത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തിലെ ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**I. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ ക്വാറം പൂർത്തീകരിക്കുന്നില്ല.**

1. 19 അംഗങ്ങളുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ 2022 വർഷത്തെ മീറ്റിംഗുകളിൽ 3 മുതൽ 5 അംഗങ്ങൾ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പിന്റെ ക്വാറം മൂന്നിലൊന്ന് അംഗങ്ങളാണ്. (പദ്ധതി മാർഗ്ഗരേഖ ഖ. 3.1.2(4)). മീറ്റിംഗുകളിൽ അംഗങ്ങളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്.

2. **കൺവീനർ മീറ്റിംഗിൽ പങ്കെടുക്കുന്നില്ല.**

വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. (പദ്ധതി മാർഗ്ഗരേഖ ഖ. 3.1.2(4)). 2022-23 വർഷത്തെ മീറ്റിംഗിൽ (15.1.22, 09.05.22, 15.06.22, 03.12.22, 30.12.22, 30.12.22-ന ശേഷം മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല.) കൺവീനറുടെ ഹാജർ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.12/10.10.23-ന് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ, അടിയന്തിര സാഹചര്യത്തിൽ ആണ് കൺവീനർ മീറ്റിംഗിൽ പങ്കെടുക്കാത്തതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. കൺവീനറുടെ സാന്നിദ്ധ്യം മീറ്റിംഗിൽ ഉറപ്പാക്കേണ്ടതാണ്.

II

പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട് സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം (ഓഡിറ്റ് എൻക്വയറി നമ്പർ 12/10.10.23-ന്റെ മറുപടി)

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | പരിഹാരം (എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം) |
|---|---|---|---|---|
| 1 | പട്ടികജാതി വികസനം | അതീവ ഗുരുതരം | പോഷകഹാരക്കുറവ് | അങ്കണവാടി പോഷകാഹാര വിതരണം |
| 2 | | | തൊഴിലില്ലായ്മ | - |
| 3 | | | കുടിവെള്ള ലഭ്യതക്കുറവ് | കുടിവെള്ളക്കിണർ പുനരുദ്ധാരണം |
| 4 | | | ലഹരി - അമിത ഉപഭോഗം | - |
| 5 | | ഗുരുതരം | ഭൂരഹിതർ | ലൈഫ് പദ്ധതി |
| 6 | | | ഭവനരഹിതർ | ലൈഫ് പദ്ധതി |
| 7 | | | വീട് പൂർത്തിയാക്കാൻ കഴിയാത്തവർ | - |
| 8 | | | മാരകരോഗബാധിതർ | - |

മേൽ വിശദാംശത്തിൽ നിന്നും പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ആവശ്യമായ പ്രാധാന്യം നൽകുന്നതായി കാണുന്നില്ല. പ്രത്യേക പരിഗണന ആവശ്യമുള്ള വിഷയത്തിൽ വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ അർഹിക്കുന്ന പ്രാധാന്യം നൽകി പദ്ധതി രൂപീകരണം നിർവ്വഹണം എന്നിവ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുമാണ്.

## 1-25 പട്ടികജാതി വിദ്യാർഥികൾക്ക് മേശയും കസേരയും പദ്ധതി -സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി |

| | |
|---|---|
| | വിദ്യാർഥികൾക്ക് മേശയും കസേരയും |
| നിർവ്വഹണോദ്യോഗസ്ഥൻ | എച്ച്.എം |
| പ്രോജക്ട് നമ്പർ | 159/23 |
| അടങ്കൽ | 490000/-<br>വികസന ഫണ്ട്<br>എസ്.സി.പി |
| ചെലവ് | 489999/- |
| ബിൽ തുക/നമ്പർ | 312/29.12.22 |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 98 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനുള്ള പദ്ധതി പ്രകാരം ആർട്കോയിൽ നിന്നും മേശയും കസേരയും വാങ്ങിയിട്ടുണ്ട്. മേശയുടെയും കസേരയുടേയും ഗുണനിലവാരം പ്രൊക്യയർമെന്റ് കമ്മിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 തസ്വഭവ തീയതി 28.05.22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.6 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല എന്നും വ്യക്തമാക്കുന്നു. എന്നാൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അറിവില്ലായ്മ മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും അപാകതകൾ ആവർത്തിക്കുകയില്ലായെന്നും എച്ച്.എം അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ -30/-13.10.2023).

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് മാത്രം പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി എസ്.സി.പി രണ്ടാം ഘട്ടം ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

ലൈഫ് ഭവന (എസ്.സി.പി )പദ്ധതി, രണ്ടാം ഘട്ടം പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ബിനു, ചരുവിള വീട്, കുന്നത്ത് മല | 24.9.20 | 360000 |
| 2 | രജനി, പൊയ്കവിള വീട്, വടശ്ശേരി കോണം | 24.9.20 | 300000 |
| 3 | ഇന്ദിര, കൊച്ചു പൊയ്ക വീട്, പാളയംകുന്ന് | 24.9.20 | 300000 |
| 4 | ബിജി, കാട്ടുവിള വീട്, ചെറുന്നിയൂർ | 24.9.20 | 300000 |
| 5 | അശ്വതി, അമ്പലത്തുംവിള വീട് മുത്താന | 17.3.21 | 200000 |
| 6 | ജലജ,ഒഴിപ്പുവിളവീട്, മുട്ടപ്പലം | 29.3.21 | 200000 |
| 7 | ധന്യ,ചരുവിളപുത്തൻവീട്, തോക്കാട് | 29.3.21 | 300000 |
| 8 | അഞ്ജലി, കല്ലാഴിയിൽവീട്, തോക്കാട് | 29.3.21 | 40000 |
| 9 | ആര്യ,ചരുവിളവീട്, വടശ്ശേരിക്കോണം | 29.3.21 | 200000 |
| 10 | ജലജ, ചരുവിള വീട്, വടശ്ശേരിക്കോണം | 29.3.21 | 200000 |

| | | | |
|---|---|---|---|
| 11 | സിന്ധു, ചരുവിള വീട്, വടശ്ശേരിക്കോണം | 29.3.21 | 300000 |
| 12 | അനിത, കൊല്ലംപൊയ്ക വീട്, പാളയംകുന്ന് | 29.3.21 | 200000 |
| 13 | വിഷ്ണുപ്രിയ, പനച്ചവിള വീട്, മുട്ടപ്പലം | 22.2.22 | 40000 |
| 14 | സജീവ്, ചാലിൽ പുത്തൻവീട്, തച്ചോട് | 12.7.22 | 40000 |
| 15 | അശ്വതി, തരട്ടയിൽ വീട്, വടശ്ശേരി കോണം | 12.7.22 | 300000 |
| 16 | സതി, സംഗീതാ ഭവൻ, മുട്ടപ്പലം | 12.7.22 | 40000 |
| 17 | സുജാത, കനാൽ പുറമ്പോക്ക്, വർക്കല | 12.7.22 | 200000 |
| 18 | സുലേഖ, പണയിൽ വീട്, തച്ചോട് | 12.7.22 | 200000 |
| 19 | അജിത്ത്, പുതുവൽവീട് | 3.10.22 | 300000 |
| 20 | ദാസ്, കുന്നുവിളവീട്, മാവിൻമൂട് | 31.3.22 | 300000 |

കരാർ ലംഘിച്ച് തുക കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ മേൽനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ -32/17.10.2023).

പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26-1 ലൈഫ് ഭവന (എസ്.സി.പി )പദ്ധതി ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം

ലൈഫ് ഭവന (എസ്.സി.പി )പദ്ധതി പ്രകാരം തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ജയൻ, വാസന്തിവിലാസം, ചാവടിമുക്ക് | 20.2.23 | 40000/- |
| 2 | സുമാംഗി, കാവുവിള വീട്, മുട്ടപ്പലം | 28.2.23 | 40000/- |
| 3 | ലില്ലികുമാരി, മഞ്ജുവിലാസം കോവൂർ | 16.3.23 | 40000/- |
| 4 | ഗംഗാധരൻ, വിളയിൽവീട്, വണ്ടിപ്പുര | 29.3.23 | 40000/- |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ ആദ്യ ഗഡു മാത്രമാണ് നാളിതുവരെ കൈപ്പററിയിട്ടുള്ളത്. ഇവർ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്ന വിവരം വ്യക്തമല്ല. കരാർ ലംഘിച്ച് തുക കൈപ്പറ്റിയവർ ഭവനനിർമ്മാണം

പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ – 33/17.10.2023).

പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 കിണർ റീചാർജിങ് പദ്ധതി മൂല്യനിർണ്ണയം കൂടാതെ തുക നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | കിണർ റീചാർജിങ് പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ 1 |
| പ്രോജക്ട് നമ്പർ | 6/23 |
| അടങ്കൽ | 1424000/- ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 600000/- |
| ബിൽ തുക/നമ്പർ | 208/24.11.22 |

ഗ്രാമപഞ്ചായത്തിൽ കിണർ റീചാർജ് ചെയ്യുന്നതിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. യൂത്ത് മെൻസ് അസോസിയേഷൻ എന്ന ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 12,000/- രൂപ നിരക്കിൽ ആകെ 50 ഗുണഭോക്താക്കൾക്കായി 6 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 തസ്വഭവ തീയതി 28.05.22 സബ്സിഡി മാർഗരേഖ പ്രകാരം കിണർ റീചാർജിങ്ങിനായി തുക നൽകുന്നതിന് ബന്ധപ്പെട്ട ഓവർസിയർ/എൻജിനീയർ മൂല്യനിർണയം നടത്തേണ്ടതാണ്. പരന്ന മേൽക്കൂരയുള്ള വീടുകൾക്ക് 12000/- രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള വീടുകൾക്ക് 15,000/- രൂപയും അനുവദിക്കാവുന്നതാണ്. ബന്ധപ്പെട്ട ഓവർസിയറുടെ മൂല്യനിർണയസാക്ഷ്യപത്രം ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥനായ വിഇഓയുടെ സാക്ഷ്യപത്രപ്രകാരമാണ് തുക നൽകിയിരിക്കുന്നത്. വിഇഓയുടെ സാക്ഷ്യപത്രപ്രകാരം ചുവടെ ചേർത്തിരിക്കുന്ന 6 ഗുണഭോക്താക്കൾക്ക് 7200/- രൂപ വീതം സബ്സിഡി അനുവദിക്കാം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് .

1. രാധ, വിളയിൽ വീട്
2. തങ്ക, കല്ലുകുന്ന്
3. അരുന്ധതി, വിളയിൽ വീട്, വണ്ടിപ്പുര
4. പാച്ചി, ചരുവിള വീട് വണ്ടിപ്പുര
5. സതീശൻ, കല്ലുകുന്ന വീട്.
6. കേശവൻ, കോണത്ത് വീട്, വണ്ടിപ്പുര

7200/- രൂപ വീതം സബ്സിഡി അനുവദിക്കാം എന്ന് രേഖപ്പെടുത്തിയ മേൽ ഗുണഭോക്താക്കൾക്ക് 12000/- രൂപ വീതം നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ – 28/13.10.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബന്ധപ്പെട്ട ഓവർസിയർ/എൻജിനീയറുടെ മൂല്യനിർണയം കൂടാതെയും നൽകിയതിനും വി.ഇ.ഒ യുടെ സാക്ഷ്യപത്രപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതലും നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-28 കിണർ റീചാർജിങ് പദ്ധതി മൂന്നാം ഘട്ടം ഗുണഭോക്താക്കളുടെ എണ്ണത്തിൽ വ്യക്തതയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | കിണർ റീചാർജിങ് പദ്ധതി മൂന്നാം ഘട്ടം-SO |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഓ 1 |
| പ്രോജക്ട് നമ്പർ | 41/23 |

| | |
|---|---|
| അടങ്കൽ | 979200/-<br>ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 972000/- |
| ബിൽ തുക/നമ്പർ | 33/04.07.22-720000<br>162/4.11.22-252000 |

ഗ്രാമപഞ്ചായത്തിൽ കിണർ റീചാർജ് ചെയ്യുന്നതിന് സബ്സിഡി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. യൂത്ത് മെൻസ് അസോസിയേഷൻ എന്ന ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 7200/- രൂപ നിരക്കിലാണ് സബ്സിഡി അനുവദിക്കുന്നത്. ആകെ 972000/- രൂപ അസോസിയേഷന് നൽകിയിട്ടുണ്ട്.

തുക ലഭിക്കുന്നതിനായി യൂത്ത് മെൻസ് അസോസിയേഷൻ 122 പേരുടെ ലിസ്റ്റാണ് ഹാജരാക്കിയിട്ടുള്ളത്. ആയത് പ്രകാരം (122*7200) 878400/-രൂപയാണ് യൂത്ത് മെൻസ് അസോസിയേഷന് നൽകേണ്ടത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ,വാർഡ് മെമ്പർ എന്നിവരുടെ മോണിറ്ററിംഗ് റിപ്പോർട്ട് പ്രകാരം 111 പേരുടെ ലിസ്റ്റാണ് ലഭ്യമാക്കിയിരിക്കുന്നത്. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -27/13.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം ലഭ്യമല്ലാത്തതിനാൽ യൂത്ത് മെൻസ് അസോസിയേഷന് നൽകിയ തുകയുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തടസ്സപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-29 പോങ്ങിൽ കോളനി റോഡ് മെയിൻറനൻസ് ഫൈൻ ഈടാക്കിയതിൽ കുറവ്

| | |
|---|---|
| പദ്ധതിയുടെ പേര് | പോങ്ങിൽ കോളനി റോഡ് മെയിന്റനൻസ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 61/23 (SO) |
| അടങ്കൽ | 204919<br>മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ചെലവ് | 204160/- |
| എം.ബുക്ക് നമ്പർ | 625/21-22 |
| റ്റി എസ് നമ്പർ | 78282/21-22 |
| കരാറുകാരൻ | ഷിജു.എസ് |
| ബിൽ തുക/നമ്പർ | 473/6.3.23 |
| നിർമ്മാണ കാലാവധി | 3 മാസം |

പോങ്ങിൽ കോളനി റോഡ് മെയിന്റനൻസ് പ്രവൃത്തിക്കായി ശ്രീ. ഷിജു എസ് എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിച്ചിട്ടുണ്ട്. ശ്രീ. ഷിജു എസിന്റെ ടെണ്ടർ വിവരം മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. മൂന്നുമാസം നിർമ്മാണ കാലാവധിയുള്ള പ്രവൃത്തിയുടെ സൈറ്റ് 30.3.22ന് കൈമാറിയിട്ടുണ്ട്. എന്നാൽ യഥാസമയം കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിനെത്തുടർന്ന് 1.10.22, 30.11.22 എന്നീ തീയതികളിൽ കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ട് അസിസ്റ്റൻറ് എൻജിനീയർ കത്ത് നൽകിയിരുന്നു. കരാറുകാരൻ പ്രസ്തുത കത്തുകൾക്ക് മറുപടി നൽകുകയോ പ്രവൃത്തിസമയം നീട്ടി നൽകുവാൻ അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

13.2.23ലെ 1(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. 23.2.23ന് പ്രവൃത്തി പൂർത്തിയായി കരാറുകാരന് തുക നൽകിയിട്ടുണ്ട് .

സൈറ്റിൽ വെള്ളക്കെട്ട് ആയതിനാൽ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ച് കരാറുകാരൻ നൽകിയ കത്ത് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഹാജരാക്കിയിട്ടുണ്ട്. ഫൈൻ ഒഴിവാക്കി 28.8.22 വരെ സമയം നീട്ടി നൽകിയതായും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ- 20/12.10.2023). എന്നാൽ നിർമ്മാണ കാലാവധി നീട്ടിനൽകിയ വിവരം ഫയലിൽ ലഭ്യമല്ല. സൈറ്റ് കൈമാറി 6 മാസം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തി

ആരംഭിക്കാത്തതിനെ തുടർന്ന് കരാറുകാരന് കത്ത് നൽകിയതിനു ശേഷമാണ് സൈറ്റിൽ വെള്ളക്കെട്ടാണെന്നുള്ള വിവരം കരാറുകാരൻ അറിയിച്ചിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കുവാൻ സാധിക്കുകയില്ല.

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിനാൽ കരാറുകാരനിൽ നിന്നും 3% ഫൈൻ ഈടാക്കിയിട്ടുണ്ട്. എന്നാൽ ആദ്യത്തെ മൂന്നുമാസ കാലയളവിന് ഒരു ശതമാനം തുകയും തുടർന്നുള്ള ഓരോ മൂന്നു മാസത്തിനും രണ്ട് ശതമാനം നിരക്കിലും ഫൈൻ ഈടാക്കേണ്ടിയിരുന്നു.

| എം ബുക്ക് പ്രകാരം ഈടാക്കിയ ഫൈൻ | ഈടാക്കേണ്ടിയിരുന്നത് | | ബാക്കി ഈടാക്കേണ്ടത് |
|---|---|---|---|
| 5190 | ആകെ പ്രവൃത്തി മൂല്യം-177192/- | | |
| | ആദ്യത്തെ 3 മാസം 1% | 1772 | |
| | അടുത്ത 3 മാസം 2% വീതം | 3543 X2 =7086 | |
| | ആകെ | 8858/- | 3668/- |

കരാറുകാരനിൽ നിന്നും ബാക്കി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 ടേക്ക് എ ബ്രേക്ക് പൊതു ടോയ്‌ലറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് കാലതാമസം

| | |
|---|---|
| പദ്ധതിയുടെ പേര് | ടേക്ക് എ ബ്രേക്ക് പൊതു ടോയിലറ്റ് നിർമ്മാണം |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 47/23 (SO) |
| അടങ്കൽ | 296798/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് -197000/-<br>ധനകാര്യ കമ്മീഷൻ അവാർഡ്-99798/- |
| ചെലവ് | 288106/- |
| എം.ബുക്ക് നമ്പർ | 486/21-22 |
| റ്റി എസ് നമ്പർ | 93815/20-21 |
| കരാറുകാരൻ | കേരളീയൻ.എസ് |
| ബിൽ തുക/നമ്പർ | 99798/-77/22.8.22<br>188308/-78/22.8.22 |

മേൽ പദ്ധതിയ്ക്കായി പാളയംകുന്നിൽ പൊതു ടോയ്‌ലറ്റ് നിർമ്മാണം നടത്തുന്നതിനായി സാങ്കേതികാനുമതിയും ഭരണാനുമതിയും (നം.1/1.1.2021, 537000/-) ലഭിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരനുമായി 27.1.22ൽ കരാറിൽ ഏർപ്പെട്ടു.

ഭരണസമിതിയുടെ 10.12.21 ലെ 4 (1) നമ്പർ തീരുമാനം പ്രകാരം പൊതു ടോയ്‌ലറ്റ് പാളയംകുന്നിൽ നിന്നും മാറ്റി തച്ചോട് പൊതു മാർക്കറ്റ് കോമ്പൗണ്ടിൽ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും അടങ്കൽ തുകയിൽ മാറ്റം വരുത്താതെ എസ്റ്റിമേറ്റ് റിവേഴ്സ് ചെയ്യുകയും ചെയ്തു.

കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 1601.1.4 പ്രകാരം ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നേടിയ ശേഷം, എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് എസ്റ്റിമേറ്റിൽ മാറ്റങ്ങൾ ആവശ്യമായി വന്നാൽ നിലവിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് ക്യാൻസൽ ചെയ്തതിനുശേഷം പുതിയ റീകാസ്റ്റ് എസ്റ്റിമേറ്റ്

തയ്യാറാക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ ഇപ്രകാരം റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ എസ്റ്റിമേറ്റ് റിവേഴ്സ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-21/ 12.10.2023) എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല എന്നാണ് അറിയിച്ചത്. പ്രവൃത്തി ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റിയപ്പോൾ ആ സ്ഥലം പരിശോധിച്ച് അതിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നു.

കേരള പി.ഡബ്ള്യൂ.ഡി മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള നടപടികൾ പാലിച്ച മാത്രം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ടേക്ക് എ ബ്രേക്ക് പൊതു ടോയ്‌ലറ്റിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് ടേക്ക് എ ബ്രേക്ക് ന്റെ പ്രവർത്തനം ആരംഭിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 റോഡ് കണക്ടിവിറ്റി മാപ്പിംഗ് പദ്ധതി പൂർത്തിയായില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | റോഡ് കണക്ടിവിറ്റി മാപ്പിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 62/23 |
| അടങ്കൽ | 47562/-<br>(തനത് ഫണ്ട്) |
| ചെലവ് | 10000/- |
| ബിൽ തുക/നമ്പർ | 166/5.11.22 |

പഞ്ചായത്തിലെ റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തിയാക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണിത്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.11.22 ലെ DB3/753/2013/CE/LID&EWനം കത്ത് പ്രകാരം 2022 നവംബർ 30 ന് മുമ്പ് R Track Data Collection & Processing പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

പഞ്ചായത്തിലെ റോഡ് കണക്ടിവിറ്റി മാപ്പിംഗിന്റെ പുരോഗതി വിവരം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നമ്പർ -53/ 18.10.2023) ആർ ട്രാക്ക് മൊബൈൽ ആപ്ളിക്കേഷൻ, വെബ് സൈറ്റ് എന്നിവയുടെ അപ്ഡേഷൻ നടക്കുന്നതിനാൽ നിലവിൽ ആർ ട്രാക്ക് ഉപയോഗിച്ചുള്ള വെരിഫിക്കേഷൻ നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതായും 2023 ഒക്ടോബർ 31 വരെ വെരിഫിക്കേഷൻ സമയം നീട്ടി ലഭിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ റോഡ് കണക്ടിവിറ്റി മാപ്പിംഗ് പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-32 വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു.

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭിക്കാനവശേഷിക്കുന്നു.

| ക്രമ നം | പ്രോജക്ട് | തുക | ഫണ്ടിനം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 157/23- ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണം | 3,50,000 | വി.ഫ. പൊ.വി. | ജില്ലാ ആസൂത്രണ സമിതി |
| 2 | 76/23, എസ്എസ് എയ്ക്ക്- വിഹിതം | 6,69,057 | വിഫ., പൊ.വി. | എസ്എസ് കെ |

| | | | | |
|---|---|---|---|---|
| 3 | 75/23, എസ്എസ് എയ്ക്ക് വിഹിതം | 3,00,000 | എസ്.സി.പി. | എസ്എസ് കെ |
| 4 | 77/23, IKM- ന് തുക അടവാക്കൽ | 2,30,000 | വി.ഫ. പൊ.വി. | ഐ.കെ.എം. |
| 5 | 35/23- സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും (SO) | 278133 | സി.എഫ്,സി | കെ.എസ്.ഇ.ബി |
| 6 | 3/23- സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും | 11,98,066 | സി.എഫ്.സി. | കെ.എസ്.ഇ.ബി. |
| 7 | 17/23- സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും രണ്ടാം ഘട്ടം (SO) | 752615 | സി.എഫ്.സി. | കെ.എസ്.ഇ.ബി. |
| 8 | 35/23-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും (SO) | 278133 | സി.എഫ്.സി | കെ.എസ്.ഇ.ബി |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.39/17.10.23-ന് മറുപടിയായി എസ്.എസ്.കെ.യ്ക്ക് അടവാക്കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. പക്ഷെ തുകയിൽ വ്യത്യാസം നിലനിൽക്കുന്നു. 2022-23 സാമ്പത്തിക വർഷം 75/23, 76/23 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി എസ്.എസ്.കെ-യ്ക്ക് യഥാക്രമം 3,00,000/-, 6,69,057/- എന്നീ തുകകൾ അടവാക്കിയിട്ടുണ്ട്. എസ്.എസ്.കെ 06.06.23-ലെ No.SSK(3)816/2023/DPO/TVM പ്രകാരം ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രത്തിൽ, 27.09.22-ലെ UTR No.2412209038703 മുഖേന ലഭിച്ച 6,00,000/- രൂപ, പൂർണ്ണമായും വിനിയോഗിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എസ്.എസ്.കെ-യുമായി ബന്ധപ്പെട്ട് വിഷയത്തിൽ വ്യക്തതവരുത്തേണ്ടതും ബാക്കി തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-33 കേരളോത്സവം, ഗെയിംസ് ഫെസ്റ്റിവൽ – ചെലവ് രേഖകൾ ലഭ്യമല്ല – ആകെ 274305/- രൂപ തടസ്സപ്പെടുത്തുന്നു.

**(1). കേരളോത്സവം – 1,27,535/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.**

| | |
|---|---|
| പ്രോജക്ട് | നം.232/23 കേരളോത്സവം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (തനത് ഫണ്ട്) | 2 ലക്ഷം |
| ചെലവ് | 1,16,585 |

1. മേൽ പ്രോജക്ടിന്റെ ചെലവ് സാധൂകരിക്കുന്ന രേഖകൾ പ്രോജക്ട് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ടുചെലവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ബില്ലുകളുടെ പകർപ്പുകൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

| ബിൽ തീയതി | തുക | തുക അനുവദിച്ചത് |
|---|---|---|
| 30.03.23 | 17012 | വർക്കല സ്പോർട്സ് |
| 31.03.23 | 9880 | ശ്രീ. അജീഷ് പി. |
| 31.03.23 | 5250 | സിറ്റി സ്പോർട്സ് |
| 31.03.23 | 9978 | ശ്രീ. അജീഷ് പി. |
| 31.03.23 | 19465 | ശ്രീ. അജീഷ് പി. |
| 31.03.23 | 20000 | ശ്രീ. ജിതിൽ വികാസ് വി.വി. |
| 31.03.23 | 15000 | ശ്രീ. ജിതിൽ വികാസ് വി.വി. |
| ആകെ | 116585 | |

തനത് ഫണ്ടിൽ നിന്നുള്ള ചെലവ് ബില്ലുകൾ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മാർച്ച് 30, 31 തീയതികളിൽ മേൽ ചെലവ് ബില്ലുകൾ, അനുബന്ധ രേഖകൾ, ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തൽ എന്നിവ ലഭ്യമല്ല. സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ടിനായി മേൽ തുക ചെലവ് ചെയ്തിട്ടുണ്ട്.

3. ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ കേരളോത്സവം ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | തുക | ബിൽ നം. | ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | 16068 | 6078 | 47309/22.11.22 |
| 2 | 20,000 | 6114 | 47301/22.11.22 |
| 3 | 20,000 | 6166 | 47310/24.11.22 |
| 4 | 15,000 | 6255 | 47316/26.11.22 |
| 5 | 19,465 | 6386 | 47319/01.12.22 |
| 6 | 9978 | 6498 | 47336/13.12.22 |
| | 100511 | | |

നവംബർ, ഡിസംബർ മാസങ്ങളിലെ വൗച്ചറുകൾ പരിശോധിച്ചതിൽ, 30.03.23, 31.03.23 തീയതികളിൽ തയ്യാർ ചെയ്ത ക്രമ നമ്പർ 2 പ്രകാരമുള്ള ബിൽ പകർപ്പുകളാണ് സമർപ്പിച്ചിട്ടുള്ളത്.

3. ബിൽ രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച്, 18.11.2022-ലെ 5937 നമ്പർ ബിൽ പ്രകാരം 10950/- രൂപയ്ക്ക് സ്പോർട്സ് ഐറ്റം വാങ്ങിയിട്ടുണ്ട്. ആയതിന്റെ ബിൽ സ്റ്റോക്ക് വിതരണ വിവരങ്ങൾ എന്നിവയും ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 42/17.103.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് സാധൂകരിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ 1,27,535/- ( 1,16,585/-+ 10950 = 1,27,535) രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

**(2). ഗെയിംസ് ഫെസ്റ്റിവൽ – ചെലവ് രേഖകൾ ലഭ്യമല്ല – 1,46,770/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു**

| | |
|---|---|
| പ്രോജക്ട് | നം.160/23<br>ഗെയിംസ് ഫെസ്റ്റിവൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (തനത് ഫണ്ട്) | 1.5 ലക്ഷം |
| ചെലവ് | 1,46,770 |

യുവജന ക്ളബുകളിൽ നിന്നും വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിംസ് ഇനങ്ങളിൽ ചാമ്പ്യൻഷിപ്പ് നടത്തി നല്ല കളിക്കാരെ തെരഞ്ഞെടുത്ത് പഞ്ചായത്ത് തല ടീം രൂപീകരിച്ച് ടീമുകൾക്ക് ഒരുമാസം പരിശീലനം നൽകുന്നതിനായി രൂപീകരിച്ച പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിന്റെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പ്രോജക്ട് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ടുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ബില്ലുകൾ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | ബിൽ തീയതി | തുക | തുക അനുവദിച്ചത് |
|---|---|---|---|
| 1 | 16.01.23 | 45,450 | സിറ്റി സ്പോർട്സ് |
| 2 | 30.03.23 | 15,000 | ശ്രീ. സുനിൽ ശ്രീധരൻ, ശ്രീ. ജിതിൻ കൃഷ്ണ |
| 3 | 31.03.23 | 37,820 | വർക്കല സ്പോർട്സ് |
| 4 | 31.03.23 | 10,000 | ശ്രീ. ജിതിൽ വികാസ് വിവി |
| 5 | 31.03.23 | 37000 | ശ്രീ. ജിതിൽ വികാസ് വിവി |
| 6 | 31.03.23 | 1500 | ശ്രീ. അജീഷ് പി. |
| | ആകെ | 146770 | |

തനത് ഫണ്ടിൽ നിന്നുള്ള ചെലവ് ബില്ലുകൾ പരിശോധിച്ചതിൽ ക്രമ നം 2 ഒഴികെ മാർച്ച് 30, 31 തീയതികളിലെ ചെലവ് ബില്ലുകൾ ലഭ്യമല്ല. സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രോജക്ടിനായി മേൽ തുക ചെലവ് ചെയ്തിട്ടുണ്ട്.

3. ക്രമ നം2 ബിൽ പ്രകാരം ശ്രീ. സുനിൽ ശ്രീധരന് 10,000 രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷെ ശ്രീ. സുനിൽ ശ്രീധരന്റെ കൈപ്പറ്റ് രസീത് പ്രകാരം 20 ദിവസം ഫുട്ബോൾ ടീമിനെ പരിശീലിപ്പിച്ചതിന് 5000/- രൂപ കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്

4. ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ ഗെയിംസ് ഫെസ്റ്റിവൽ ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | തുക | ബിൽ നം. | ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | 10,000 | 5568 | 47801/04.11.22 |
| 2 | 37,000 | 5812 | 47804/09.11.22 |
| 3 | 1500 | 6248 | 47317/26.11.22 |
| 4 | 4180 | 6418 | 47324/06.12.22 |
| | 52680 | | |

3. ഗെയിംസ് ഫെസ്റ്റിവൽ സംഘടിപ്പിച്ചത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ 146770/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

4. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, കബഡി ഇനങ്ങൾക്കായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. പതിനാലാം സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഇനത്തിന് 30,000/- രൂപ ചെലവ് ചെയ്യുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. 4 ഇനങ്ങൾക്കായി ചെലവ് ചെയ്യാവുന്ന ആകെ തുക 1,20,000

രൂപയാണ്. തുക അധികമായി ചെലവ് ചെയ്തിട്ടുണ്ട്.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.41/17.10.23-ന് മറുപടി ലഭിച്ചിട്ടില്ല.മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട്, നവംബർ, ഡിസംബർ മാസങ്ങളിലെ വൗച്ചറുകൾ പരിശോധിച്ചതിൽ, 30.03.23, 31.03.23 തീയതികളിൽ തയ്യാർ ചെയ്ത പ്രകാരമുള്ള ബിൽ പകർപ്പുകളാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ നിന്നും, ചെലവ് ബിൽ തയ്യാറാക്കാതെ തന്നെ ചെക്ക് മുഖേന ചെലവ് നിർവ്വഹിക്കുകയുണ്ടായതായി കാണുന്നു. ഈ പ്രവണത അനുവദനീയമല്ല. പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം മാത്രം ചെലവ് നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-34 സ്ട്രീറ്റ്മെയിൻ സ്ഥാപിക്കലും ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കലും- എസ്റ്റിമേറ്റ്, അടവ് തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കലും ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കലും പ്രോജക്ടുകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | നം.3/23<br>സ്ട്രീറ്റ്മെയിൻ സ്ഥാപിക്കലും ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കലും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (CFC) | 12,00,000 |
| ചെലവ് | 11,98,066 |
| ബിൽ നം./ തീയതി. | 397/28.01.23 - 636020<br>633/29.03.23 - 562046 |

ഫയൽ രേഖകൾ പ്രകാരം കെ.എസ്.ഇ.ബി. മേൽ പ്രോജക്ടിനായി 6,36,020/- രൂപയുടെയും 2,78,132 രൂപയുടെയും എസ്റ്റിമേറ്റുകളാണ് തയ്യാർ ചെയ്ത് നൽകിയിട്ടുള്ളത്. 28.01.23-ലെ ബിൽ നം. 397 പ്രകാരം 6,36,020/- രൂപയും 29.03.23-ലെ ബിൽനം. 633 പ്രകാരം 5,62,046/- രൂപയും അടവ് വരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിനെക്കാൾ 2,83,914/- രൂപ അധികമായി അടവാക്കിയിരിക്കുന്നു.

2.

| | |
|---|---|
| പ്രോജക്ട് | നം.17/23 (SO)<br>സ്ട്രീറ്റ്മെയിൻ സ്ഥാപിക്കലും ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കലും രണ്ടാംഘട്ടം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (CFC) | 7,70,800 |
| ചെലവ് | 7,52,615 |
| ബിൽ നം./ തീയതി. | 396/27.01.23 -627311<br>602/28.03.23 - 125304 |

16.03.21, 18.01.23 എന്നീ തീയതികളിലായി കെ.എസ്.ഇ.ബി. ലഭ്യമാക്കിയിട്ടുള്ള യഥാക്രമം 484196/- , 143115/- (ആകെ 627311/- രൂപ) എന്നീ എസ്റ്റിമേറ്റ് തുകകൾ 27.01.2023-ലെ ബിൽ നം.396 പ്രകാരം 627311/- രൂപയും ബിൽ നമ്പർ 602/28.03.2023 പ്രകാരം 125304/- രൂപയും ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ 125304/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 7,52,615/- രൂപയാണ്.

3.

| | |
|---|---|
| പ്രോജക്ട് | നം.35/23 (SO)<br>സ്ട്രീറ്റ്മെയിൻ സ്ഥാപിക്കലും ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കലും |
| നിർവ്വഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ (CFC) | 282583 |
| ചെലവ് | 278133 |
| ബിൽ നം./ തീയതി. | 347/09.01.23 - 278133 |

എസ്റ്റിമേറ്റ്, അനുബന്ധ രേഖകൾ എന്നിവ ഫയലിനൊപ്പം ലഭ്യമല്ല.

മേൽ അപാകങ്ങളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/17.10.2023 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ നിന്ന് വിഭിന്നമായി തുക അടവാക്കിയതിന്മേൽ പരിശോധന നടത്തി, അധികമായി അടവാക്കിയിട്ടുള്ള തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് സാധൂകരിക്കുന്ന രേഖകൾ പ്രോജക്റ്റ് ഫയലിനൊപ്പം സൂക്ഷിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ എസ്റ്റിമേറ്റിനനുസൃതമായി മാത്രം തുക അടവ് വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-35 വാതിൽപടി സേവനം – പ്രോജക്റ്റ് നിർവ്വഹണം നടത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | നം.181/23 വാതിൽപടി സേവനം |
| അടങ്കൽ(തനത് ഫണ്ട്) | 1,00,000 |
| ചെലവ് | 0 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പതിനാലാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)84/22 ത.സ്വ.ഭ.വ, തീയതി.19.04.22 ഖ.6.9(7) പ്രകാരം പ്രായാധിക്യം, ഗുരുതരരോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രോജക്റ്റ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം, 2022-23 സാമ്പത്തിക വർഷം രൂപീകരിച്ച മേൽ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല. പതിനാലാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/17.10.2023-ന് വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷം പ്രോജക്റ്റ് നടപ്പിലാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്. അതാത് വർഷത്തെ സേവന സംബന്ധമായ പ്രോജക്റ്റുകൾ അതാത് വർഷം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ– തുക പൂർണ്ണമായും അടവാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് | നം.71/23<br>കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (തനത് ഫണ്ട്) | 12,10,000 |
| ചെലവ് | 10,31,048 |

| | |
|---|---|
| പ്രോജക്റ്റ് | നം.240/23<br>കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ (വി.ഫ.) | 4,45,263 |
| ചെലവ് | 4,45,263 |

പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ കുടിവെള്ളക്കരം അടവാക്കുന്നതിനായി രൂപീകരിച്ച പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം അടയ്ക്കലിനായി രണ്ട് പ്രോജക്റ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.37/17.10.23-ന് ലഭ്യമാക്കിയ ഏറ്റെടുത്ത പ്രോജക്റ്റിലെ വകയിരുത്തൽ

പരിമിതമായതിനാലാണ് പുതിയ പ്രോജക്ട് രൂപീകരിച്ചതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഇത്തരം സന്ദർഭങ്ങളിൽ പ്രോജക്ട് റിവൈസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. പഞ്ചായത്തിലെ 367 പൊതു ടാപ്പുകളുടെ 5788.13 രൂപ വാർഷിക നിരക്കിൽ 2022 ഏപ്രിൽ മുതൽ 2023 ജനവരി വരെയും 14,559.12 രൂപ നിരക്കിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലെയും കേരള വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറുടെ കുടിവെള്ളക്കര ഡിമാന്റ് നോട്ടീസ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, ഏപ്രിൽ മുതൽ ജൂലൈ വരെയും ഫെബ്രുവരി, മാർച്ച് മാസങ്ങളിലെയും തുക അടവാക്കിയിട്ടില്ല. കൂടാതെ, ഒക്ടോബർ 22-ലെ ഡിമാന്റ് തുകയായ 1,77,016-ൽ 1,45,968/- രൂപ മാത്രമാണ് അടവ് വരുത്തിയിട്ടുള്ളത്. 31,048/- രൂപ അടവാക്കാനവശേഷിക്കുന്നു. ഓഡിറ്റ് എൻക്വയറി നം.37/17.10.23-ന് ലഭ്യമാക്കിയ മറുപടിയിൽ, തനത് ഫണ്ടിൽ നിന്ന് കുടിശ്ശിക തുക അടവാക്കിയതായാണ് അറിയിച്ചിട്ടുള്ളത്. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രവർത്തനരഹിതമായ പൊതു ടാപ്പുകൾ കണ്ടെത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ വിശദാംശം. നിലവിൽ (2022-23 സാമ്പത്തിക വർഷം) കുടിവെള്ളം ലഭിച്ചിരുന്ന പൊതു ടാപ്പുകളുടെ എണ്ണം എന്നിവ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.37/17.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം വാട്ടർ ചാർജ്ജ് ഇനത്തിൽ തൻവർഷം 16,29,638/- രൂപയുടെ കുടിശ്ശിക നിലനിൽക്കുന്നു. [ഏപ്രിൽ മുതൽ ജൂലൈ വരെയും ഫെബ്രുവരി, മാർച്ച് മാസങ്ങളിലെയും തുക- (1,77,016x4)+(4,45,263x2+31048) = 1629638 രൂപ)] വാട്ടർ ചാർജ്ജ്, കുടിശ്ശിക ഇല്ലാതെ അടവാക്കി പിഴപലിശ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. 2023 ഫെബ്രുവരി മാസം മുതൽ, പൊതു ടാപ്പിന്റെ പ്രതിവർഷ കുടിവെള്ള ചാർജ്ജ് നിരക്ക് ടാപ്പിന് 5788.13 രൂപയിൽ നിന്ന് 14,559.12 രൂപയായി വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ, സംയുക്ത പരിശോധനയിലൂടെ ഉപയോഗയോഗ്യമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 കറവപശു വളർത്തൽ - തുക അധികമായി അനുവദിച്ചു - 4500/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | | |
|---|---|---|
| പ്രോജക്ട് | നം.205/23 കറവ പശു വളർത്തൽ (SC) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| ഫണ്ടിനം | എസ്.സി.പി. | ഗു.വി. |
| അടങ്കൽ | 11,25,000 | 3,75,000 |
| ചെലവ് | 3,60,000 | - |
| ബിൽ നം. | 628/29.03.23 | 90,000 |
| | 324/30.12.22 | 45,000 |
| | 531/17.03.23 | 90,000 |
| | 629/29.03.23 | 45,000 |
| | 630/29.03.23 | 45,000 |
| | 628 /29.03.23 | 45,000 |

60,000/- രൂപ യൂണിറ്റ് വിലയുള്ള ഉരുക്കൾക്ക് 75% സബ്സിഡി (45,000/- രൂപ) അനുവദിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് ഫോം ഖ.30 പ്രകാരം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നു. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിൽ ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുകയാണുണ്ടായത്.

2. ബിൽ നം.628/29.03.23 - ആകെ ബിൽ തുക 90,000/- മേൽ ബില്ലിൽ ഉൾപ്പെട്ട ഗുണഭോക്താവായ ശ്രീമതി. സരസ്വതി മിനി വിലാസം, ഹരിജൻ കോളനി) ശ്രീമതി. പ്രിയ സദാനന്ദനിൽ (പ്രിയനിലയം, ശ്രീനിവാസപുരം, വർക്കല)നിന്ന് വാങ്ങിയ ഉരുവിന് പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള വില 54,000/- രൂപയാണ് . അനുവദിക്കാവുന്ന സബ്സിഡി തുക 40500/- രൂപയാണ്. എന്നാൽ 45,000/- രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി അനുവദിച്ച 4500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പ്രോജക്ടിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-49/18.10.23-ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-38 ആട് വളർത്തൽ -പ്രോജക്ട് നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് | നം.143/23 , ആട് വളർത്തൽ | | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ | | |
| ഫണ്ടിനം | എസ്.സി.പി. | ഗു.വി. | ആകെ |
| അടങ്കൽ | 7,41,000 | 2,47,000 | 9,88,000 |
| ചെലവ് | 97,500 | 17875 | 115375 |
| ബിൽ നം./തീയതി | 292/23.12.22 – 39,000<br>323/30.12.22 - 9750<br>536/17.3.23 - 19500<br>624/29.03.23 - 24375<br>644/29.03.23 - 4875 | ബിൽ നമ്പർ/തീയതി<br>1730/31.03.23<br>CH No. 46663<br>11375/-<br>1728/31.03.23<br>CH No. 46662<br>1625/-<br>1729/31.03.23<br>CH No. 46661<br>1625/-<br>1731/31.03.23<br>CH No. 46664<br>3250/- | |
| ഓഡിറ്റ് എൻക്വയറി | നമ്പർ-51 | തീയതി. 18.10.23 | |

6-8 മാസം പ്രായമുള്ള പെണ്ണാടിനെ 6500/- രൂപ യൂണിറ്റ് കോസ്റ്റിൽ പ്രൊക്യൂവർമെന്റ് കമ്മിറ്റി മുഖേന വാങ്ങി വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ട്. യൂണിറ്റ് കോസ്റ്റിന്റെ 25% (4875/- രൂപ സബ്സിഡി) 1625/- രൂപ ഗുണഭോക്തൃ വിഹിതമായി അടവാക്കുന്നു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം 76 ഗുണഭോക്താക്കൾക്കായി 4,94,000/- രൂപ അടങ്കൽ (3,70,500 (SCP)+123,500/- ഗു.വി.) വകയിരുത്തിയാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത് .സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അടങ്കൽ 9,88,000 രൂപയാണ്. വ്യത്യാസം വന്നതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.51/18.10.23) എന്നയാളിൽ നിന്നാണ്.

2. 10.11.22-ന് ചേർന്ന പർച്ചേസ് കമ്മിറ്റി യോഗത്തിൽ പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഉരുക്കളെ കണ്ടെത്താൻ കമ്മിറ്റി, കൺവീനറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങൽ നടത്തിയതിന്റെ വിശദാംശം ലഭ്യമല്ല.

3. സബ്സിഡി മാർഗ്ഗരേഖ ഖ.33(3) പ്രകാരം- ഗുണഭോക്താക്കൾ നേരിട്ട് ഉരുക്കളെ/പക്ഷികളെ വാങ്ങുന്നത് അനുവദനീയമല്ല. പ്രോജക്ടിന്റെ ഗുണഭോക്താവായ ശ്രീമതി. ലിസി സുനി, ചരുവിള വീട്, മുത്താന (ആധാർ പ്രകാരം, ലിസി ബി, ചാലിൽവീട്, ചിറക്കരത്താഴം, കൊല്ലം) വാങ്ങൽ നടത്തിയിരിക്കുന്നത് അതേ വിലാസത്തിലുള്ള ശ്രീ. സന്തോഷ് ബി, ചാലിൽവീട്, ചിറക്കരത്താഴം, കൊല്ലം .

4. വെറ്റിനറി സർജന് അനുവദിച്ച 20507 നമ്പർ രസീത് ബുക്ക് പ്രകാരം 1625/- രൂപ നിരക്കിൽ 20 ഗുണഭോക്താക്കളിൽ

നിന്ന് 32,500/- രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ കളക്റ്റ് ചെയ്തിട്ടുണ്ട്. എന്നാല സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 17875/- രൂപയാണ്. ഗുണഭോക്തൃവിഹിതത്തിന്റെ പൂർണ്ണമായ ചെലവ് വിവരം ലഭ്യമാക്കേണ്ടതാണ്.

5. 20 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം ഒടുക്കു വരുത്തിയെങ്കിലും ഫയൽ രേഖകൾ പ്രകാരം 19 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക ചെലവഴിച്ചതിന്റെ രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് ഉരുവിനെ ലഭിക്കാനവശേഷിക്കുന്നു.

പ്രോജക്ട് നിർവ്വഹണം സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ച് നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും മേൽ അപാകതകളിന്മേൽ മറുപടി ലഭ്യമാക്കി പരാമർശം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-39 ആട് വളർത്തൽ (ജനറൽ) (SO) - പദ്ധതി നിർവ്വഹണത്തിൽ അപാകത നിലനിൽക്കുന്നു

| | |
|---|---|
| പ്രോജക്ട് | നം.34/23 (SO), ആട് വളർത്തൽ (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | 96000 (വി.ഫ., പൊ.വി.) 3,04,000(ഗു.വി.) |
| ചെലവ് | 96,000(വി.ഫ., പൊ.വി.), 1,36,000(ഗു.വി. |

2021-22 സാമ്പത്തിക വർഷം രൂപീകരിച്ച് 2022-23 സാമ്പത്തിക വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2021-22 സാമ്പത്തിക വർഷം രൂപീകരിച്ച പദ്ധതി പ്രകാരം 17 ഗുണഭോക്താക്കളുടെ 8000/- രൂപ നിരക്കിലെ ഗുണഭോക്തൃ വിഹിതം 2021-22 സാമ്പത്തിക വർഷം അടവാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിക്കാതെ 2022-23 സാമ്പത്തിക വർഷം സ്പിൽ ഓവർ ആയതിനു കാരണം വ്യക്തമല്ല.

2. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്തൃവിഹിതം ഇനത്തിലെ ചെലവ് 1,36,000/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല.

3. 2022-23 സാമ്പത്തിക വർഷം ആട് വിതരണം നിർവ്വഹിച്ച തീയതി ലഭ്യമല്ല

4. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | അപാകത |
|---|---|---|
| 1 | ശ്രീമതി. സിംല | അപേക്ഷാ ഫോറം ആടിനെ ഇൻഷ്വർ ചെയ്ത വിശദാംശം, 3 വർഷം ആടിനെ വളർത്താം എന്നുള്ള സമ്മതപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല |
| 2 | ശ്രീമതി അസുമ ബീവി, ശ്രീമതി ജെസി എ., ശ്രീമതി ദീപ.എസ്., ശ്രീമതി ശ്രീലത, ശ്രീമതി ശ്രീദേവി, ശ്രീമതി ലില്ലി. | അപേക്ഷാ ഫോറം, ആടിനെ ഇൻഷ്വർ ചെയ്ത വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല. |

5. പ്രോജക്ട് പൂർത്തീകരണ പത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.47/17.10.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നിർവ്വഹണം മാർഗ്ഗരേഖകളിൽ നിർദ്ദേശിക്കുന്ന പ്രകാരം, അപാകതകളില്ലാതെ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതും മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-40 പാളയംകുന്ന് ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് ഇൻവെർട്ടർ വാങ്ങിയതിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0135/23 |
| പ്രോജക്ടിന്റെ പേര് | പാളയംകുന്ന് ഹോമിയോ ഡിസ്പെൻസറിക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 50000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |

| | |
|---|---|
| ചെലവ് | 50000/- |
| ബിൽ നമ്പർ | 192/19.11.2022 തുക 24800/-<br>450/13.02.2023 തുക 25200/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |

പാളയംകുന്ന് ഹോമിയോ ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഇൻവെർട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി രൂപീകരിച്ച പ്രോജക്ടാണിത്. സ്റ്റോർ പർച്ചേസ് മാനുവൽ ഖ.7.6 പ്രകാരം എസ്റ്റിമേറ്റ് തുക 15000/- രൂപയ്ക്ക് മുകളിലും 100000/- രൂപ വരെ മൂല്യമുള്ളതുമായ സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ 5946 തീയതി 24.10.2022 പ്രകാരം 24800/- രൂപയ്ക്ക് ജേക്കബ് ബാറ്ററീസ് പവർ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവെർട്ടർ വാങ്ങിയതിന് ക്വട്ടേഷൻ നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. അപാകം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/10.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-41 “ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ '' – മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0007/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 300000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 300000/- |
| ബിൽ നമ്പർ | 191/19.11.2022 തുക 150000/-<br>228/26.11.2022 തുക 150000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |

ഇൻവോയ്സ് നമ്പർ എൽ.എഫ് 1298/11.09.2023 പ്രകാരം 75052/- രൂപയുടെ മരുന്ന് ചെമ്മരുതി ഡിസ്പെൻസറിയിലേയ്ക്കും, ഇൻവോയ്സ് നമ്പർ എൽ.എഫ് 463/06.07.2023 പ്രകാരം 60,660/- രൂപയുടെയും മരുന്നുകൾ പാളയംകുന്ന് ഡിസ്പെൻസറിയിലേയ്ക്കും ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 164288/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/10.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമായതിന് ശേഷം വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-42 ഹെൽത്ത് ഗ്രാന്റ് വിനിയോഗം – മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0216/23 |
| പ്രോജക്ടിന്റെ പേര് | ആരോഗ്യ ബോധവൽക്കരണ പരിപാടികളും ദൈനംദിന ചെലവുകളും |
| അടങ്കൽ | 143981/- ( ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 58800/- |
| പി.എഫ്.എം.എസ് ട്രാൻസാക്ഷൻ ഐ.ഡി | C032365880861 തീയതി 29.03.2023 തുക 58800/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |

ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും, ദൈനംദിന ചെലവുകളും നിർവഹിക്കുന്നതിനായി രൂപീകരിച്ച പ്രോജക്ടാണിത്. തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പിന്റെ സ.ഉ(സാധാ)നം.1625/2023/ തസ്വഭവ തീയതി 09.08.2023 ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച്

നടപ്പാക്കേണ്ട ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ് ( പരമാവധി 5000/- രൂപ ഒരു വർഷം).

2. ആരോഗ്യ സ്ഥാപനത്തിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഇടയിൽ വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ.

3. തുക ബാക്കിയുണ്ടെങ്കിൽ, ആരോഗ്യ സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങൽ.

പഞ്ചായത്തിൽ മേൽ പ്രോജക്ട് മുഖേന ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ഫോട്ടോകോപ്പിയർ, ടോണർ എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ആരോഗ്യ സ്ഥാപനത്തിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഇടയിൽ വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തുക വിനിയോഗിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാന്റുകളുടെ വിനിയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-43 "ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ " - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0215/23 |
| പ്രോജക്ടിന്റെ പേര് | ആരോഗ്യ സ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 285666/- ( ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 212131/- |
| പി.എഫ്.എം.എസ് ട്രാൻസാക്ഷൻ ഐ.ഡി | C022359643683 തീയതി 02.03.3023 തുക 78231/-<br>C032337237506 തീയതി 15.03.2023 തുക 1,33,900/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓട്ടോ അനലൈസർ, മൈക്രോസ്കോപ്പ്, ലാബ് റീഏജന്റ് എന്നിവ വാങ്ങുന്നതിനായി രൂപീകരിച്ച പ്രോജക്ട്. അനിഖ ഹെൽത്ത് കെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന് ലാബ് റീഏജന്റ്സ് വാങ്ങിയ ഇനത്തിൽ 78231/- രൂപയും, കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയതിന് ശ്രീ മഹാദേവ ഇൻഫോ സൊല്യൂഷൻസിന് 133900/- രൂപയും മേൽ പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്.

20/2023/ എഫ്.എച്ച്.സി - ചെമ്മരുതി തീയതി 20/01/2023 നമ്പർ ക്വട്ടേഷൻ പരസ്യം പ്രകാരം കമ്പ്യൂട്ടർ - 1, സി.പി.യു - 1, യു.പി.എസ് -1, സ്കാനിംഗ് പ്രിന്റർ -1 എന്നിവയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ലഭ്യമായ മൂന്ന് ക്വട്ടേഷനുകളിലും രണ്ട് കമ്പ്യൂട്ടർ, മൂന്ന് പ്രിന്റർ എന്നിവയുടെ വിലയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീമഹാദേവ ഇൻഫോ സൊല്യൂഷൻസിന്റെ ക്വട്ടേഷൻ അംഗീകരിച്ചു.

പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്വട്ടേഷൻ പരസ്യത്തിലെ ഇനങ്ങളിൽ നിന്നും വ്യത്യസ്തമായാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

2. ജി.ഒ(പി)നം.10/2019/എസ്.പി.ഡി തീയതി 22.08.2019 ഉത്തരവ് പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS മുഖേന വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിബന്ധന പാലിക്കാതെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ശ്രീമഹാദേവ ഇൻഫോ സൊല്യൂഷൻസിൽ നിന്നാണ് വാങ്ങിയത്.

3. സ്റ്റോർ പർച്ചേസ് മാനവൽ ഖ.7.8 പ്രകാരം എസ്റ്റിമേറ്റ് തുക ഒരു ലക്ഷം മുതൽ 10 ലക്ഷം വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപ്പാക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി ക്വട്ടേഷൻ നടപടി പ്രകാരമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

4. ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓട്ടോ അനലൈസർ, മൈക്രോസ്കോപ്പ്, ലാബ് റീഏജന്റ് എന്നിവ വാങ്ങുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചതെങ്കിലും കമ്പ്യൂട്ടർ, പ്രിന്റർ, ലാബ് റീഏജന്റ് എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ഓട്ടോ അനലൈസർ, മൈക്രോസ്കോപ്പ് എന്നിവ വാങ്ങിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/13.10.2023)

മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം സംബന്ധിച്ച് വ്യക്തമായ വിശദീകരണം, രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

**1-44 "ആശ്വാസ് - ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായം - വിഹിതം നൽകൽ" മാർഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നിർവഹിച്ചു - ചെലവ് തുകയായ 504000/- രൂപ തടസ്സം ചെയ്യുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0174/23 |
| പ്രോജക്ടിന്റെ പേര് | ആശ്വാസ് - ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചികിത്സാ സഹായം - വിഹിതം നൽകൽ |
| അടങ്കൽ | 504000/- ( തനത് ഫണ്ട് ) |
| ചെലവ് | 504000/- |
| ബിൽ നമ്പർ (എ.സി.ആർ പ്രകാരം) | 488/14.03.2023 തുക 290900/-<br>489/14.03.2023 തുക 213100/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |

കിഡ്നി തകരാറ് മൂലം കഷ്ടത അനുഭവിക്കുന്നവർക്ക്, ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിനായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുന്നതിനായി രൂപീകരിച്ച പ്രോജക്ടാണിത്. പ്രോജക്ട് പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28/05/2022 ഖ.7.6.7(3) വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും, നഗരഭരണ സ്ഥാപനങ്ങൾക്കും ഒറ്റയ്ക്കോ , ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായോ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ(ഡിഎ)വകുപ്പിന്റെ ഡി.എ 1/151/2022 /ത.സ്വ.ഭ.വ തീയതി 18.09.2022 നമ്പർ സർക്കുലറിൽ വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പദ്ധതി സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിനും സബ്സിഡി മാർഗ്ഗരേഖയ്ക്കും വിരുദ്ധമായി ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

2) ഗുണഭോക്താക്കളെ കണ്ടെത്തൽ, ഗുണഭോക്താക്കളുടെ അംഗീകാരം, ഗുണഭോക്തൃ പട്ടിക ജില്ലാ പഞ്ചായത്തിന് കൈമാറൽ, ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ എന്നിവ പ്രോജക്ട് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളായി പ്രോജക്ട് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ജില്ലാപഞ്ചായത്തിന് കൈമാറിയത് സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ പ്രോജക്ട് പ്രകാരം ജില്ലാ പഞ്ചായത്തിന് അനുവദിച്ച തുകയുടെ ആനുകൂല്യം പഞ്ചായത്തിലെ വൃക്കരോഗികൾക്ക് ലഭിച്ചിട്ടുണ്ടോയെന്നത് ഉറപ്പാക്കാനായിട്ടില്ല.

3) പ്രോജക്ട് പ്രകാരം ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, വിഹിതം കൈമാറൽ എന്നീ ഘട്ടങ്ങൾ മോണിറ്ററിങ്ങിന് വിധേയമാക്കേണ്ടതുണ്ട്. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4) തനത് ഫണ്ടിൽ നിന്നും പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 504000/- രൂപയുടെ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

5) പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല

അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് കൈമാറിയ ഗുണഭോക്തൃ പട്ടിക, പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആനുകൂല്യം പഞ്ചായത്തിലെ വൃക്കരോഗികൾക്ക് തന്നെ ലഭിച്ചുവെന്ന് ഉറപ്പാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 504000/- രൂപ തടസ്സം ചെയ്യുന്നു.

**1-45 "എലിപ്പനി നിയന്ത്രണം " - ചെലവ് രേഖകളുടെ അഭാവത്തിൽ 53976/- രൂപ തടസ്സം ചെയ്യുന്നു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0222/23 |
| പ്രോജക്ടിന്റെ പേര് | എലിപ്പനി നിയന്ത്രണം |
| അടങ്കൽ | 54000/- ( വികസന ഫണ്ട് ജനറൽ) |

| | |
|---|---|
| ചെലവ് | 53976 |
| ബിൽ നമ്പർ | 401/30.01.2023 തുക 39976/-<br>620/28.03.2023 തുക 14000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

ഗ്രാമപഞ്ചായത്തിലെ എലിപ്പനി വ്യാപന സാധ്യത കണക്കിലെടുത്ത് എലികളുടെ എണ്ണം കുറയ്ക്കുകയും അതിലൂടെ എലിപ്പിനി നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. ഇതിനായി എലിപ്പശ, എലികേക്ക്, എലിക്കെണി എന്നിവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ചിന്നക്കട എ.എ.ജെ എന്റർപ്രൈസസിൽ നിന്നും പർച്ചേസ് ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ഇൻവോയ്സ് നമ്പർ 1862/ 21.01.2023 പ്രകാരം എ.എ.ജെ എന്റർപ്രൈസസിൽ നിന്നും എലിപ്പശ- 263 എണ്ണം, എലി കേക്ക് - 333 എണ്ണം, എലിക്കെണി - 98 എണ്ണം എന്നിവ ലഭ്യമായിട്ടുണ്ട്.

പ്രസ്തുത സാധനങ്ങളുടെ വിതരണ വിവരങ്ങൾ ഫയലിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, ഭരണ സമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ്, സാധനങ്ങളുടെ വിതരണ വിവരം, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (44/17.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 53976/-രൂപ തടസ്സം ചെയ്യുന്നു. മേൽ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-46 കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലാബ് റീ- ഏജന്റുകൾ വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0106/23 |
| പ്രോജക്ടിന്റെ പേര് | ലാബ് റീ ഏജന്റ് വാങ്ങൽ |
| അടങ്കൽ | 200000/- ( മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 199984/- |
| ബിൽ നമ്പർ | 80/23.08.2022 തുക 196865/-<br>387/23.01.2023 തുക 3119/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് റീ ഏജന്റുകൾ വാങ്ങുന്നതിനായി രൂപീകരിച്ച പ്രോജക്ട് പ്രകാരം 2022 ഏപ്രിൽ 24 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലേയ്ക്ക് റീഏജന്റുകൾ ലഭ്യമാക്കുന്നതിനായി അനിഖ ഹെൽത്ത് കെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും മെഡിക്കൽ ഓഫീസർ പി.എച്ച്.സി യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥ (ക്രമ നം.3)പ്രകാരം റീഏജന്റുകൾ എല്ലാം തന്നെ കുറഞ്ഞത് ഒരുവർഷത്തിനുള്ളിൽ കാലഹരണപ്പെടാത്തവ ആയിരിക്കുന്നതാണ്. കമ്പനി ലഭ്യമാക്കിയ ചുവടെ ചേർക്കുന്ന റീഏജന്റുകളുടെ കാലഹരണ തീയതി, ഇൻവോയ്സ് തീയതിയ്ക്ക് ഒരു വർഷത്തിനുള്ളിലാണെന്ന് കാണുന്നു.

| ഇൻവോയ്സ് നമ്പർ / തീയതി | റീഏജന്റിന്റെ പേര് | കാലഹരണ തീയതി |
|---|---|---|
| AH22-23/C70/26.04.2022 | Uric Acid | 30/03/2023 |
| ” | ASO 50T Agappe | 30/01/2023 |
| ” | HBSAG Card Maxline | 31/01/2023 |
| | VDRL Card | 31/01/2023 |
| AH22-23/C112/05.05.2022 | HBAIC Mispa (Aga 30T) | 30/10/2022 |
| AH22-23/C98/30.04.2022 | 3.8% Sodium Citrate | 31/01/2023 |
| AH22-23/C314/17.06.2022 | Heamatology QC | 30/09/2022 |

കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി റീഏജന്റുകൾ വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/13.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ലാബ് റീഏജന്റുകൾ വാങ്ങുമ്പോൾ കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-47 പാഥേയം പദ്ധതി - അധികമായി കൈമാറിയ തുക (296160/-) തടസ്സപ്പെടുത്തുന്നു.

പാഥേയം പദ്ധതിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കാതെ അധിക തുക കൈമാറിയതായി കാണുന്നു. വിശദാംശം ചുവടെ-

1)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | S0 91/23 , പാഥേയം |
| അടങ്കൽ തുക | 131040/- |
| ചെലവ് തുക | 131040 വികസന ഫണ്ട് (ജനറൽ) |
| ബിൽ നം തീയതി | 497/15.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

2)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | S0 102/23 , പാഥേയം |
| അടങ്കൽ തുക | 480480/- |
| ചെലവ് തുക | 480480 വികസന ഫണ്ട് (എസ് സി പി) |
| ബിൽ നം തീയതി | 497/15.3.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ നിരാലംബരും അഗതികളുമായ ജനറൽ വിഭാഗക്കാരായ 10 പേർക്ക് ക്രമ നം 1 പ്രകാരവും, എസ് സി വിഭാഗക്കാരായ 44 പേർക്ക് ക്രമ നം 2 പ്രകാരവും, കുടുംബശ്രീയുടെ സഹായത്തോടെ വീട്ടുകളിൽ ഉച്ച ഭക്ഷണം എത്തിച്ച് നല്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഒരാൾക്ക് 40/- രൂപ നിരക്കിൽ (ഗ്രാമ പഞ്ചായത്ത് വിഹിതം 40% നിരക്കിൽ 16 രൂപയും , ജില്ലാ പഞ്ചായത്ത് വിഹിതം 60% നിരക്കിൽ 24 രൂപയും) 365 ദിവസത്തേക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ, എസ് സി ഉൾപ്പെടെ 54 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. 54 പേർക്ക് 16 രൂപ നിരക്കിൽ 365 ദിവസത്തേക്ക് 315360/- (58400+256960) രൂപയാണ് പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാപഞ്ചായത്തിലേക്ക് കൈമാറേണ്ടത്. എന്നാൽ മേൽ ബിൽ പ്രകാരം 611520/-(131020+480480) രൂപ ജില്ലാപഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസ്തുത തുക 22.3.23 ൽ കുടുംബശ്രീ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത തുക സംബന്ധിച്ച വിശദാംശവും പാഥേയം പദ്ധതിക്കായി 315360/-/- രൂപ ചെലവഴിക്കേണ്ട സ്ഥാനത്ത് 296160/- (611520-315360) രൂപ അധികം ചെലവഴിക്കാനുണ്ടായ സാഹചര്യവും അതോടൊപ്പം പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 54, 19.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതികൾക്കായി അധികം ചെലവഴിച്ച 296160/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കുടുംബശ്രീയിൽ നിന്നും പ്രസ്തുത തുക തിരികെ ഈടാക്കേണ്ടതും അതാത് സ്രോതസ്സിൽ അടച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അതോടൊപ്പം പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രവും 22.3.23 ൽ ജില്ലാ പഞ്ചായത്തിൽ നിന്നും കുടുംബശ്രീ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 611520/- രൂപയുടെ ചെലവ് വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

## 1-48 ലാപ്ടോപ് വാങ്ങൽ പദ്ധതി -അപാകതകൾ - 26020 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | S0 104/23 ,പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ |
| അടങ്കൽ തുക | 700000/- |
| ചെലവ് തുക | 676533/-വികസന ഫണ്ട് (എസ് സി പി) |
| ബിൽ നം തീയതി | 105/12.9.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരായ എസ് സി വിഭാഗത്തിൽപ്പെട്ട ബിരുദ എഞ്ചിനീയറിംഗ്

വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നല്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കെൽട്രോണിൽ നിന്നുമാണ് ലാപ്ടോപ് വാങ്ങി നല്കിയിരിക്കുന്നത്. കെൽട്രോണിൽ നിന്നുള്ള ഡെലിവറി ചെലാൻ പ്രകാരം ഒരു ലാപ്ടോപ്പിന് 34237.50 - രൂപ നിരക്കിൽ 19 ലാപ്ടോപ്പുകൾക്ക് 650512.50 രൂപയാണ് വില രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് കൂടാതെ ഒരു ലാപ്ടോപിന് TSP Charge 4% നിരക്കിൽ 1369.50 രൂപ വീതം 19 ലാപ്ടോപ്പുകൾക്ക് ആകെ 26020.50 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. TSP Charge ഉൾപ്പെടെ 676533/- രൂപയാണ് കെൽട്രോൺ നല്കിയിട്ടുള്ള ഡെലിവറി ചെലാൻ (No 07695/ITP 22-23/ 4.1.23) പ്രകാരം കെൽട്രോണിന് നല്കിയിട്ടുള്ളത്. ലാപ്ടോപ് വാങ്ങിയതിന്റെ Tax Invoice ഹാജരാക്കിയിട്ടില്ല. പ്രൊഫോർമ ഇൻവോയ്സിൽ ലാപ്ടോപിന്റെ വില, ടാക്സ് എന്നിവ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. ഒരു ലാപ്ടോപിന്റെ വില 35607/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

ലാപ്ടോപ് വാങ്ങുമ്പോൾ TSP Charge ഇനത്തിൽ തുക നല്കുന്നതിന് നിർദ്ദേശം ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 55, 18.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ TSP ചാർജ്ജിനത്തിൽ നല്കിയ തുക 26020/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-49 പെണ്ണടയാളങ്ങൾ -പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | S0 149/23 , പെണ്ണടയാളങ്ങൾ |
| അടങ്കൽ തുക | 47500/- |
| ചെലവ് തുക | 14010/- തനത്ഫണ്ട് |
| ബിൽ നം തീയതി | 491/6.3.23, 12310/-<br>567/21.3.23 , 1700/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പഞ്ചായത്തിലുള്ള സ്ത്രീകളുടെ നിലവിലെ അവസ്ഥ വിവരശേഖരണത്തിലൂടെ മനസ്സിലാക്കുകയും ഒരു ഡേറ്റാശേഖരണം പഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഡേറ്റാശേഖരണം പൂർത്തിയാക്കി ഡേറ്റാ കളക്ട് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ

വിശദാംശവും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരവും, സ ( കൈ ) നം 84/22/ ത സ്വ ഭ വ തീയതി 19.4 22 മാർഗ്ഗരേഖ ഖണ്ഡിക 6.3.1 മുതൽ 6.3.3 വരെയുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 43, 17.10.23) ഡേറ്റാശേഖരണം നടത്തി ഡേറ്റകൾ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും പദ്ധതിയുടെ തുടർ നടപടി പ്രവർത്തനങ്ങൾക്കായി 23-24 വർഷം സ്പിൽഓവറായി പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

നിലവിൽ പദ്ധതി ലക്ഷ്യം സംബന്ധിച്ച് വ്യക്തമായ തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല. പദ്ധതികൾ രൂപീകരിക്കുന്ന വേളയിൽ തന്നെ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ വ്യക്തത ഉണ്ടാകേണ്ടതും പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഫല പ്രാപ്തി കൈവരിച്ചോയെന്ന് കൃത്യമായി വിലയിരുത്തേണ്ടതുമാണ്. പദ്ധതികൾ രൂപീകരിക്കുമ്പോൾ ഇത്തരം വിലയിരുത്തലുകൾ നടത്തി തുടർ പ്രവർത്തനങ്ങളിൽ വ്യക്തമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 35200 | 2022-23 | 2018050 | സ്നേഹ സ്പർശം | 259750 | 35200 |
| | | | | കേദാരം നെൽകൃഷി ഞങ്ങളും കൃഷിയിലേയ്ക്ക് | 1137300 | |
| | | | | ഹരിതഭവനം | 21000 | |
| | | | | ലൈഫ് ഭവന നിർമ്മാണം 2022-23 (എസ്.സി.പി) | 400000 | |
| | | | | ക്ഷീരസമൃദ്ധി | 200000 | |
| ആകെ | 35200 | - | 2018050 | - | 2018050 | 35200 |
| ബ്ളോക്ക് പഞ്ചായത്ത് | 1146404 | 2022-23 | 4738250 | സാന്ത്വനം പരിചരണം | 200000 | |
| | | | | അംഗനവാടി പോഷകാഹാര വിതരണം (ജനറൽ) | 400000 | |
| | | | | സ്നേഹസ്പർശം | 261750 | |
| | | | | കേദാരം നെൽകൃഷി | 756500 | |
| | | | | ലൈഫ് മിഷൻ ജനറൽ | 540000 | |
| | | | | ലൈഫ് മിഷൻ (എസ് സി പി) സ്പിൽഓവർ | 1620000 | |
| | | | | ലൈഫ് ഭവന നിർമ്മാണം (എസ് സി പി) 2022-23 | 160000 | |
| | | | | ക്ഷീര സമൃദ്ധി | 800000 | |
| ആകെ | 1146404 | - | 4738250 | - | 4738250 | 1146404 |

നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റ് B4 പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നു.

### 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| Sl. No. | നിർവഹണ ഏജൻസി | മുന്നി രിപ്പ് | 2022-23 വർഷത്തെ പ്രവൃത്തിയുടെ പേര് | 2022-23 വർഷം മുൻകൂർ നൽകിയതുക | 2022-23 വർഷം യു.സി ലഭിച്ചത്/ സ്ഥാപനത്തി ലേക്ക് റീഫണ്ട് ചെയ്ത തുക | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| 1. | KWA | 820453 | | | (2019-20 വർഷത്തെ പദ്ധതിയ്ക്ക് | 16400 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 2500000/- രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ 1695947/- രൂപയുടെ UC ലഭിച്ചു. ബാക്കി തുക 804053/- രൂപ പഞ്ചായത്തിൽ തിരിച്ചടച്ചു. | |
| | ആകെ | 820453 | - | - | 804053 | 16400 |
| 2. | KSEB | 5679738 | സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ &ഇലക്ട്രിക് ലൈൻ ദീർപ്പിക്കൽ<br>സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ &ഇലക്ട്രിക് ലൈൻ ദീർപ്പിക്കൽ<br>സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ &ഇലക്ട്രിക് ലൈൻ ദീർപ്പിക്കൽ | 1198066<br>752615<br>278133 | - | 7913990* |
| | ആകെ | 5679738 | - | 2228814 | - | 7913990 |

RP49(p) പ്രകാരം കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ച 5438/- രൂപ കൂടി ഉൾപ്പെട്ട തുകയാണ്. ടി തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ

| | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | ബാലൻസ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO-LIFE LOAN | - | 19460000 | 19897553 | 4064963 | - | 35292590 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2017-18 | 4(എ) | ആസ്തി രജിസ്റ്റർ പൂർണവും കാലികവുമല്ല | പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം മറുപടി |

| | | | |
|---|---|---|---|
| 2017-18 | 4(ബി) | രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഒരേ റോഡ് ഉൾപ്പെടുത്തിയിരിക്കുന്നു. | നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 36700665.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 88626376.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 60175122.00 |
| നീക്കിയിരിപ്പ് | 65151919.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,58,961.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33(1) | 127535 | ശ്രീ. അനിൽ കുമാർ ഡി, സെക്രട്ടറി |
| 1-33(2) | 146770 | ശ്രീ. അനിൽ കുമാർ ഡി, സെക്രട്ടറി |
| 1-37 | 4500 | ഡോ.ശാന്തി ജയലക്ഷ്മി എസ്.ആർ. , വെറ്റിനറി സർജൻ |
| 1-44 | 504000 | ഡോ. സൗമ്യ യു.എസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-45 | 53976 | ഡോ. സൗമ്യ യു.എസ്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| 1-47 | 296160 | ശ്രീ. കിരൺ ചന്ദ്.എസ്.ഡി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-48 | 26020 | ശ്രീ. കിരൺ ചന്ദ്.എസ്.ഡി,അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **11,58,961.00** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. അനിൽ കമാർ ഡി സെക്രട്ടറി | സെക്രട്ടറി, പനവൂർ ഗ്രാമ പഞ്ചായത്ത് | എ.എൽ.കോട്ടേജ്, ചെമ്പൂര്, മുദാക്കൽ പി.ഒ |
| ശ്രീ.കിരൺ ചന്ദ്.എസ്.ഡി അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | രാജകി മന്ദിരം, കടകം പി.ഒ,<br>ശാർക്കര, ചിറയിൻകീഴ് |
| ഡോ.ശാന്തി ജയലക്ഷ്മി എസ്.ആർ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | എസ്.എസ്. ഭവൻ, പുളുങ്കുടി, മുള്ളൂർ പി.ഒ. പിൻ-695521 |
| ഡോ.സൗമ്യ.യു.എസ് മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | | ഉഷസ്, മൊട്ടക്കാവ്, ചുള്ളിമാനൂർ, നെടുമങ്ങാട് |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീയതി. 04.06.2018 | 8 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീയതി. 04.06.2018 | 2 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീയതി. 04.06.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീയതി. 04.06.2018 | 1 |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീയതി. 04.06.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീയതി. 04.06.2018 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീയതി. 04.06.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1242/2018 തീയതി. 04.06.2018 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2074/2016 തീയതി. 25.10.2017 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1840/2017 തീയതി. 05.06.2018 | 11 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/305/2019 തീയതി. 03.02.2020 | 12 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2181/2019 തീയതി. 10.01.2020 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1951/2021 തീയതി. 24.03.2021 | 44 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1062/2022 തീയതി. 30.06.2022 | 45 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/2136/2022 തീയതി. 05.01.2023 | 59 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 29-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chemmaruthy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chemmaruthy Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Chemmaruthy Grama Panchayat for the Year 2022-2023 .

**1.Major Observations**

nil

**2.Other Observations**

1) Mandatory statements are not submitted for audit. eg: The financial ratios, notes to accounts are not submitted with the annual financial statement.

2 ) Certain projects executed by Assistant engineer were treated as revenue expenditure instead of capital expenditure. Amount used for asset creation using Central finance commision grant is not transfered to Capital Contribution and treated as revenue expense. Hence there is difference in total asset value of the Panchayath for the financial year.

3) The valuation of stock and stores are not done at the end of the financial year and no amount is included in B-14 Stock in hand (inventories) schedule.

4) The amount for which utilization certificate received from Kerala Water Authority has not been adjusted from the advance

head. The opening and closing balance of the outstanding amounts in the account head of deposit work with Kerala water authority doesnot talley with each other.

5) No action has been taken to forfeit the outdated deposits recorded in B-9 schedule of Balance Sheet as income.

6) Net increase / decrease in cash flow statement (28451254/-)does not match with the difference between the opening balance and closing balance of cash and cash equivalents (27634888/-).

7) Lapses in making timely and accurate demand entries in respect of tax and non tax revenue.

8 ) An amount of Rs.654947/- has been booked in the head of liability in respect of stale cheques. Further actions should be taken to transfer the stale cheque amount (On the expiry after three years) in to the account of own fund. Action should be taken on returned cheque amounts and details should be made available to audit.

9) Loan Register, Advance Register, Deposit Register are not maintained and not submitted for audit

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്